# ഈ ക്രൂരതയെല്ലാം കാരുണ്യത്തിന്റെ പ്രവാചകന്റെ പേരിൽ !!!

يَاَيُّهَا الَّذِيْنَ اٰمَنُوا اسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ ؕ
اِنَّ اللّٰهَ مَعَ الصّٰبِرِيْنَ ﴿۱۵۴﴾ وَلَا تَقُوْلُوْا لِمَنْ يُّقْتَلُ
فِيْ سَبِيْلِ اللّٰهِ اَمْوَاتٌ ؕ بَلْ اَحْيَآءٌ وَّلٰكِنْ لَّا
تَشْعُرُوْنَ ﴿۱۵۵﴾ وَلَنَبْلُوَنَّكُمْ بِشَيْءٍ مِّنَ الْخَوْفِ
وَالْجُوْعِ وَنَقْصٍ مِّنَ الْاَمْوَالِ وَالْاَنْفُسِ وَالثَّمَرٰتِ ؕ
وَبَشِّرِ الصّٰبِرِيْنَ ﴿۱۵۶﴾ الَّذِيْنَ اِذَآ اَصَابَتْهُمْ مُّصِيْبَةٌ ۙ
قَالُوْٓا اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ ﴿۱۵۷﴾ اُولٰٓئِكَ عَلَيْهِمْ
صَلَوٰتٌ مِّنْ رَّبِّهِمْ وَرَحْمَةٌ ۟ وَاُولٰٓئِكَ هُمُ الْمُهْتَدُوْنَ ﴿۱۵۸﴾

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാണ്.

വിശ്വസിച്ചവരേ! നിങ്ങൾ സഹനവും പ്രാർത്ഥനയും വഴി അല്ലാഹുവിന്റെ സഹായം തേടുവിൻ, നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു.അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെട്ടവരെ സംബന്ധിച്ച് മരിച്ചവർ എന്ന് പറയരുത്. അല്ല,(അവർ) ജീവിച്ചിരിക്കുന്നവരാണ്; പക്ഷേ നിങ്ങൾ അത് ഗ്രഹിക്കുന്നില്ലെന്ന് മാത്രം. അല്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. ഇങ്ങനെയുള്ള സഹനശീലർക്ക് നീ സുവാർത്ത നൽകുക. ഇവർക്ക് വല്ല ആപത്തും നേരിടുമ്പോൾ അവർ പറയുന്നു. നിശ്ചയമായും ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവങ്കലേക്ക് തന്നെ മടങ്ങുന്നവരുമാകുന്നു. അവർക്കാണ് തങ്ങളുടെ നാഥനിൽ നിന്ന് അനുഗ്രഹവും കാരുണ്യവും ലഭിക്കുക.സന്മാർഗം പ്രപിച്ചിട്ടുള്ളവരും അവർതന്നെ. (2: 154 - 158)

കഴിഞ്ഞദിവസം ഇന്തോനേഷ്യയിൽ മൃഗീയതയുടെയും കാടത്തത്തിന്റെയും പ്രകടനം കാഴ്ചവെച്ചുകൊണ്ട് അഹ്മദിയ്യത്തിന്റെ എതിരാളികൾ മൂന്ന് അഹ്മദികളെ ശഹീദാക്കുകയുണ്ടായി. ഇത് കാരണം ഓരോ അഹ്മദിയും ദുഃഖിതനാണ്. എന്നാൽ അല്ലാഹുവിന്റെ കൽപനകൾ പാലിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ജമാഅത്ത് എന്ന നിലക്കും ഓരോ അഹ്മദിയും മുഅ്മിൻ എന്ന നിലക്കും മുമ്പേയുള്ള നമ്മുടെ രീതി അനുസരിച്ച് ക്ഷമ കൈകൊള്ളുകയും തങ്ങളുടെ ജീവന്റെയും ധനത്തിന്റെയും മറ്റെല്ലാത്തിന്റെയും നഷ്ടവും തന്നെ ദൈവതൃപ്തിയിൽ തൃപ്തരായികൊണ്ട് സഹിക്കുകയും ചെയ്യുന്നു. എന്നിട്ട് നാം ഇത്രമാത്രം പറയുന്നു. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ നിശ്ചയമായും നാം അല്ലാഹുവിന്റെതാണ്. അവനിലേക്ക് തന്നെ തിരിച്ച് പോകുന്നവരുമാണ്. വിശ്വാസികളുടെ അടയാളമായി ഇതാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. ഞാൻ ഓതികേൾപ്പിച്ച ആയത്തുകളുടെ പൊരുൾ അഹ്മദികളെക്കാളും കൂടുതൽ ആർക്കാണ് ഇന്ന് മനസ്സിലാകുക. ശത്രുക്കൾ തുടർച്ചയായി നമ്മോട് ഈ അക്രമ രീതിയാണ് അവലംഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ആയത്തുകളെ നാം തുടരെ തുടരെ സ്മൃതിപഥത്തിൽ കൊണ്ട് വരുന്നു. ജീവന്റെയും ധനത്തിന്റെയും ത്യാഗങ്ങൾ ഇന്തോനേഷ്യൻ അഹ്മദികൾ നൽകിയാലും പാക്കിസ്ഥാനിലെ അഹ്മദികൾ നൽകിയാലും മറ്റേതെങ്കിലും നാട്ടിലെ അഹ്മദികൾ നൽകിയാലും വിശ്വാസികളുടെ മഹത്വം പ്രകടിപ്പിക്കേണ്ട ആ ആത്മാവ് തിരുനബി ﷺ യുടെ യഥാർത്ഥ പ്രേമിയായ ഹ: മസീഹ് മൗഊദ് (عليه السلام) ഓരോ അഹ്മദിയുടെ ഹൃദയത്തിലും ഊതിയിട്ടുണ്ട്. അത് ലോകത്തെവിടെ താമസിക്കുന്ന അഹ്മദിയിലും പൊതുവായി കാണാവുന്നതാണ്. അല്ലാഹുവിന്റെ പേരിൽ കഷ്ട നഷ്ടങ്ങൾ ഏൽപ്പിക്കുമ്പോൾ, അല്ലാഹുവിന്റെ നാമത്തിൽ നമ്മോട് ത്യാഗങ്ങൾ ആവശ്യപ്പെടുമ്പോൾ ഈ മറുപടി നൽകാനാണ് നാം ഉപദേശിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ പ്രത്യക്ഷ രൂപമായിരുന്നു നമ്മുടെ യജമാനനായ തിരുനബി ﷺ ഈ ആത്മാവാണ് നബി ﷺ തന്റെ സഹാബത്തിൽ ഇട്ടിരുന്നത്. അവർ അതിനെ പ്രവർത്തനപഥത്തിൽ കൊണ്ട്വന്ന് കാണിക്കുകയുണ്ടായി. എല്ലാപ്രവാചക അനുയായികൾക്കും ഈഅവസ്ഥ നേരിടേണ്ടിവന്നിട്ടുണ്ട്. ശത്രുക്കൾ അവരുടെ ജീവിതം ദുസ്സഹമാക്കിമാറ്റിയപ്പോൾ, ഓരോകാലഘട്ടത്തിലേയും ഫിർഔനുകൾ വിശ്വാസികളുടെ മുമ്പാകെ ജീവൻ വെടിയാനോ അതല്ലങ്കിൽ ഈമാൻ വെടിയാനോ തയ്യാറാകുക എന്ന നിബന്ധനവെച്ചപ്പോൾ വിശ്വാസികൾ എപ്പോഴും തന്നെ തങ്ങളുടെ വിശ്വാസ ദൃഢീകരണ പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്.

ഹസ്റത്ത് മൂസാ (عليه السلام) ന്റെ കാലത്ത് ജാലവിദ്യക്കാർക്ക് അവരുടെ മന്ത്രജാലത്തിന്നെതിരിൽ മൂസാ (عليه السلام) സമർപ്പിക്കുന്ന ജാലവിദ്യ ഭൗതിക ജാലവിദ്യയല്ല എന്നും അത് ദൈവിക സഹായമാണെന്നും ഈ വിദ്യകൾക്ക് ഭൗതിക വിദ്യകളുമായി ഒരുബന്ധവുമില്ലെന്നുമുള്ള എന്ന യാഥാർത്ഥ്യം വ്യക്തമായപ്പോൾ മൂസാ (عليه السلام) നൽകുന്ന സന്ദേശം ദൈവീക സന്ദേശമാണെന്ന് അവർക്ക് മനസ്സിലാകുകയും ചെയ്തപ്പോൾ, അവർ ഉടനെ അദ്ദേഹത്തിൽ വിശ്വസിക്കുകയാണ് ചെയ്തത്. ഈ അവസരത്തിൽ ഫിർഔന്ന് വലിയ നിന്ദത സഹിക്കേണ്ടതായി വന്നു. അയാൾ കോപം കൊണ്ട് ചുവന്നു തുടുത്തു. അയാൾ പറഞ്ഞു നിങ്ങളുടെ ഈ പ്രവർത്തനത്തിന് നിങ്ങൾക്ക് എന്നെന്നും ഓർമ്മവരുന്ന രീതിയിലുള്ള ശിക്ഷ ഞാൻ നൽകുന്നതാണ്. അപ്പോൾ വിശ്വാസികൾ ഫിർഔന്ന് നൽകിയ മറുപടി ഇപ്രകാരമാണ്. അല്ലാഹുവിന്റെ പ്രകടമായ അടയാളങ്ങൾക്ക്മേൽ താങ്കൾക്ക് ശ്രേഷ്ഠത കൽപ്പിക്കാൻ ഞങ്ങൾക്കാവില്ല. അല്ലാഹുവിലുള്ള വിശ്വാസത്തെക്കാളും താങ്കളെ മുന്തിക്കാൻ ഞങ്ങൾ തയ്യാറല്ല.

فَاقْضِ مَآ اَنْتَ قَاضٍ ؕ اِنَّمَا تَقْضِيْ هٰذِهِ الْحَيٰوةَ الدُّنْيَا ﴿۷۳﴾

പിന്തിരിപ്പിക്കാൻ താങ്കൾക്ക് കഴിയുന്നത്ര ശ്രമിച്ചുനോക്കൂ. താങ്കൾക്ക് ഞങ്ങളുടെ ഈ ഭൗതിക ജീവിതം മാത്രമെ അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. എന്നാൽ വിശ്വാസത്തിന് ശേഷം, അല്ലാഹുവിന്നുവേണ്ടി ഞങ്ങൾ സ്വയം സമർപ്പിക്കുന്നതിന്റെ ഫലമായി ഞങ്ങൾക്ക് ലഭി

ക്കാൻപോകുന്ന അനുഗ്രഹങ്ങൾ നിങ്ങളുടെ ഭരണത്തിൽ ലഭിക്കുവാൻ പോകുന്ന അനുഗ്രഹങ്ങളെ അപേക്ഷിച്ച് ചിന്തിക്കാൻപ്പോലും കഴിയാത്തത്ര മഹത്തരമാണ്.

മൂസാ عليه السلام ൽ വിശ്വസിക്കുന്നവർക്ക് ഈ രീതിയിലുള്ള വിശ്വാസദൃഢത പ്രകടിപ്പക്കാമെങ്കിൽ, നാം പ്രവാചകശ്രേഷ്ഠനും ഖാത്തമുൽ അമ്പിയായുമായ പ്രവാചകനിൽ വിശ്വസിക്കുന്നവരാണ്, അദ്ദേഹത്തിലാണ് സമ്പൂർണ്ണശരീഅത്ത് ഇറങ്ങിയത്. അതനുസരിച്ച് ജീവിച്ചാൽ വിശ്വാസത്തിന്റെ ഉത്തുങ്ക സോപാനത്തിൽ നമുക്കെത്താൻ സാധിക്കുന്നതാണ്. മാത്രമല്ല, തിരുനബി ﷺ യുടെ പ്രവചനപ്രകാരം സുരയ്യായിലേക്ക് ഉയർന്നുപോയ വിശ്വാസത്തെ ഭൂമിയിലേക്ക് തിരിച്ച് കൊണ്ടുവന്ന് നിരന്തരമായ അടയാളങ്ങളാൽ നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തിയ വാഗ്ദത്ത മസീഹിൽ വിശ്വസിക്കുന്നവർ കൂടിയാണ് നാം. അതുകൊണ്ട് ഇന്നുള്ള ഫിർഔനുകളേയും ഫിർഔന്റെ കൂട്ടരേയും പേടിച്ചുകൊണ്ട്നമ്മുടെ വിശ്വാസത്തെ നാം കൈവെടിയുമോ? അല്ലാഹു നമുക്ക് **ബശ്ശിരിസ്വാബിരീൻ** എന്ന സുവാർത്ത നൽകിക്കൊണ്ടിരിക്കുകയാണ്.നമുക്ക് നമ്മുടെ ക്ഷമയുടെ പ്രകടനത്തിന്നും ജീവൻ ത്വജിക്കുന്നതിനു പകരമായി നിത്യജീവൻ ലഭിക്കുമെന്ന് സുവാർത്ത നൽകപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിശ്വാസത്തിന്റെ ഈ പാരമ്യതയിൽ എത്തിയവരെ ഏതെങ്കിലും ഭീഷണി അവരുടെ വിശ്വാസത്തിൽനിന്നും പിന്തിരിപ്പിക്കുന്നതല്ല. അക്രമത്തിന്റെയും ക്രൂരതയുടെയും കഠിനതകൾ ഒരിക്കലും തന്നെ തങ്ങളുടെ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നതിൽ നിന്നും അവരെ തടയുകയില്ല. അതുകൊണ്ട് ലോകത്തിന്റെ ഏതെ ങ്കിലും കോണിൽ വസിക്കുന്ന അഹ്മദിയത്തിന്റെ ശത്രുക്കളെ! അഹ്മദികളോട് നിങ്ങൾക്കിഷ്ടമുള്ള അതിക്രമങ്ങൾ കാണിച്ചുകൊള്ളുക. എന്നാൽ ഞങ്ങളുടെ വിശ്വാസത്തിൽനിന്ന് ഞങ്ങളെ അല്പം പോലും പിന്തിരിപ്പിക്കാൻ നിങ്ങൾക്കാവില്ല. ലോകത്തെവിടെ വസിക്കുന്ന അഹ്മദികളിൽനിന്നും നിങ്ങൾക്ക് ലഭിക്കുന്ന മറുപടി فَاقْضِ مَآ اَنْتَ قَاضٍ എന്നതായിരിക്കും. ഞങ്ങളെ നിങ്ങൾക്ക് ഞങ്ങളുടെ വിശ്വാസത്തിൽനിന്നും പിന്തിരിപ്പിക്കാൻ സാധ്യമല്ല, اِنْ شَآءَ اللّٰهُ ഇന്തോനേഷ്യയിലെ അഹ്മദികളും തങ്ങളുടെ ശത്രുക്കൾക്ക് ഈ ഒരു മറുപടിയാണ് നൽകിയത്. സമയാസമയങ്ങളിൽ അവർക്ക് നേരത്തെ തന്നെ ഭീഷണി ലഭിക്കുന്നുണ്ടായിരുന്നു. എന്നാൽ വിശ്വാസ സമ്പത്തിനാൽ സമ്പന്നരായ ഇവർ ഈ ഭീഷണിയെ തരിയും വിലവെച്ചില്ല.

ഈ സംഭവം നടന്നത് ചെറിയ ഒരു ജമാഅത്തിലാണ്. അവരുടെ മൊത്തം അംഗസംഖ്യ മുപ്പതാണ്. ഇതിൽ സ്ത്രീകളും കുട്ടികളും എല്ലാം ഉൾപ്പെടും. ഏഴുകുടുംബങ്ങളാണുള്ളത്. എന്നാൽ ജമാഅത്തിനെ ഞങ്ങൾ ഉപേക്ഷിക്കുന്നു എന്നും നാമധാരികളായ ഈ മുല്ലാക്കളുടെ പിന്നാലെ കൂടാൻ ഞങ്ങൾ ഒരുക്കമാണെന്നും പറഞ്ഞ് മുട്ടുമടക്കാൻ ഇവരാരും തയ്യാറായില്ല. ഈമുല്ലാക്കളുടെ പ്രത്യേക ഡിമാന്റ് ഉണ്ടായിരുന്നത്, നിങ്ങളുടെ മുഅല്ലിമിനെ ഇവിടെനിന്നും മാറ്റണം എന്നതായിരുന്നു. അവിടെയുള്ള മുഅല്ലിം പുറത്ത്നിന്ന് വന്ന വ്യക്തിയൊന്നുമായിരുന്നില്ല. അവിടത്തുകാരൻതന്നെയായിരുന്നു. എതിർപ്പ് അതിന്റെ രൂക്ഷത പ്രകടിപ്പിക്കാൻ തുടങ്ങിയപ്പോൾ അടുത്തുള്ള ജമാഅത്തിലെ ഇരുപതോളം ഖാദിമീങ്ങൾ വിവിധ സമയങ്ങളിൽ ഡ്യൂട്ടി നൽകാൻ അവിടെ വന്നുകൊണ്ടിരുന്നു. അവർ മിഷൻഹൗസിൽ വന്നിരിക്കും. മിഷൻ ഹൗസ് പിടിച്ചെടുക്കാതിരിക്കാനാണ് അവർ ഇത് ചെയ്തത്. കാരണം പോലീസിന്റെ സപ്പോർട്ട് പൊതുവിൽ ശത്രുക്കൾക്ക് ലഭ്യമായിരുന്നു. നമ്മോട് ഇവർ അനുവർത്തിച്ചിട്ടുള്ളനയം സർക്കാർ ഉദ്യോഗസ്ഥരുടെ കൽപനപ്രകാരം നാം വല്ല മസ്ജിദോ മിഷൻഹൗസോ കാലിയാക്കിയാൽ സർക്കാർ ഒന്നെങ്കിൽ അത് അടച്ചുപൂട്ടും. അതല്ലെങ്കിൽ മറ്റാരെങ്കിലും അത് പിടിച്ചടക്കും. ഇനി ഈ എതിരാളികൾ സ്വയം പിടിച്ചടക്കിയാൽ തന്നെ സർക്കാർ അത് ഒഴിപ്പിക്കുകയുമില്ല. കഴിഞ്ഞ കുറേവർഷമായി ഇതാണ് അവിടത്തെരീതി. അതുകൊണ്ട് നമ്മൾ എടുത്ത ഒരു തീരുമാനം എന്ത് സംഭവിച്ചാലും ഇനി ഒരുസ്ഥലവും തന്നെ കാലിയാക്കുന്ന പ്രശ്നമേയില്ല എന്നാണ്. നമ്മുടെ ആളുകൾ സംഭവസമയത്ത് മിഷ്വൻ ഹൗസിന് അകത്തിരിക്കുകയായിരുന്നു. ഈക്രൂരൻമാർ അക്രമിച്ചപ്പോൾ അവർ അകത്ത് കടന്ന് വടിവാളും കത്തിയും കുന്തവും വടിയും കൊണ്ട് അഹ്മദികളെ ശക്തമായ മുറിവേൽപ്പിച്ച് വലിച്ച് പുറത്തേക്ക് കൊണ്ട് വന്നു. പോലീസ് ഇതെല്ലാം കണ്ട് പുറത്ത് നിൽപ്പുണ്ടായിരുന്നു. മുന്ന് അഹ്മദികളെ ശഹീദാക്കി. അഞ്ചുപേർക്ക് സാരമായ മുറിവേറ്റു. എല്ലാവരും ഈവാർത്ത കേട്ടതാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങളുടെ വിശ്വാസം മുമ്പത്തെപ്പോലെ സുദൃഢമാണ്. അത് ആദ്യത്തെക്കാളും വർധിക്കുകയാണ് ചെയ്തത്.

അതീവ ക്രൂരതയാണ് അവർ കാട്ടിയത്. ജാഹിലിയ്യാ കാലത്തെ കുഫ്ഫാറുകളുടെ മാതൃകയാണ് ഇവർ പ്രകടിപ്പിച്ചത്. അഹോ കഷ്ടം! ഈ നാമധാരികളായ മുസ്ലിംങ്ങൾ മുമ്പത്തെപ്പോലെ ഇതും ചെയ്തത് ലോകാനുഗ്രഹിയായ, ലോകത്തിന്ന് കാരുണ്യം വിതറാനായി വന്ന ആ മഹാനായ പ്രവാചകന്റെ പേരിലാണ് ഇതെല്ലാം ചെയ്ത്കൂട്ടിയത്. ഈ അത്യുൽകൃഷ്ഠ പ്രവാചകൻ ﷺ യുദ്ധത്തിൽപ്പോലും ചില നിയമങ്ങൾ പാലിക്കാൻ നിർബന്ധിച്ചിരുന്നു. യുദ്ധകുറ്റവാളികളായി വധിക്കപ്പെടുന്നവരെക്കുറിച്ച് നൽകിയിരുന്ന നിർദേശം അറേബ്യയിൽ പൊതുവിൽ ചെയ്യാറുള്ളതുപോലെ മൃതശരീരത്തിലെ അവയവങ്ങൾ മുറിക്കുകയോ വികൃതമാക്കുകയോ ചെയ്യാൻ പാടില്ല. മൃതദേഹത്തോട് അനാദരവ് കാണിക്കുക എന്നത് ഒരിക്കലും ശരിയല്ല. മതത്തിന്റെ കാര്യമിരിക്കട്ടെ, മനുഷ്യത്വത്തിന്റെ അടിസ്ഥാന തത്വത്തിനുപോലും എതിരാണ് ഈ പ്രവർത്തി. എന്നാൽ നമ്മുടെ അഹ്മദീ സഹോദരൻമാരെ അക്രമിച്ചവർ അതിനിഷ്ഠൂര രീതിയിലാണ് മൃതദേഹത്തോട് അനാദരവ് കാണിച്ചത്. എത്രമാത്രമെന്നാൽ മൃതദേഹം തിരിച്ചറിയപ്പെടുകപോലുമുണ്ടായില്ല. ഇവിടെ വന്ന ആദ്യ റിപ്പോർട്ടിൽ മറ്റുപേരുകളാണ് നൽകപ്പെട്ടിരുന്നത്. ആ മൃതദേഹങ്ങൾ പിന്നീട് പ്രയാസപ്പെട്ട് തിരിച്ചറിഞ്ഞപ്പോഴാണ് ഇത് വേറെ ചിലരാണെന്നുപോലും മനസ്സിലായത്. അവരുടെ ബന്ധുക്കൾ മറ്റ് അടയാളങ്ങൾ മുഖേന ആളുകളെ തിരിച്ചറിഞ്ഞു. ഇക്കൂട്ടർ മൃതദേഹത്തോടുള്ള ക്രൂരത പ്രകടിപ്പിക്കുന്നതിൽ മക്കയിലെ കാഫിറുകളെപ്പോലും പിന്നിലാക്കിയിരിക്കുകയാണ്. നമ്മുടെ പ്രിയരുടെ ശഹാദത്തിലും ഇവരുടെ മൃതദേഹത്തോട് കാണിച്ച ഈ മൃഗീയതയിലും നമ്മുടെ ഹൃദയം ദുഃഖഭരിതവും അസ്വസ്ഥജനകവുമാണെങ്കിലും ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇക്കുട്ടർ ഈ കൊടും ക്രൂരകൃത്യമെല്ലാം തന്നെ നമ്മുടെ യജമാനനും, നേതാവും, മാനവരാശിയോട് കാരുണ്യവാനും , **റഹ്മത്തുൽലിൽ ആലമീനു**മായ നബി ﷺ യുടെ പേരിലാണ് ചെയ്തിരിക്കുന്നത് എന്നത് അതീവ ദുഃഖകരമാണ്. അവിടെയുള്ള പ്രസ്സ് ഈ വാർത്തകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ വീഡിയോ കാണിക്കുന്നതിൽ നിന്ന് ദേശിയ, അന്തർദേശിയ പ്രസ്സുകളെല്ലാം വിട്ട് നിൽക്കുകയും ചെയ്തു. കാരണം അവർ പറഞ്ഞത് മനുഷ്യത്വത്തെ ലജ്ജിപ്പിക്കുന്ന തരത്തിലായത് കൊണ്ട് ഈ ദൃശ്യം ഞങ്ങൾക്ക് പ്രദർശിപ്പിക്കാൻ കഴിയില്ല എന്നാണ്.

അൽജസീറ ചാനൽ പൊതുവിൽ ഇങ്ങനെയുള്ള വാർത്ത നൽകാറുണ്ട്. ഈ ക്രൂരകൃത്യം പ്രദർശിപ്പിക്കുന്നതിൽ നിന്നും അവരും പിൻമാറു

കയാണ് ചെയ്തത്. അൽജസീറ തന്റെ ന്യൂസിൽ പറഞ്ഞത് ഇപ്രകാരമാണ്. ഭയാനകവും വേദനാ നിർഭരവുമായ കാഴ്ചയായിരുന്നു അത്. പോലീസ് സംഭവസ്ഥലത്ത് ഉണ്ടായിരുന്നു. വലിയ ഒരു ജനാവലി കൂറ്റൻ പ്രകടനത്തോടുകൂടി അഹ്മദികളുടെ വീടുകൾ അക്രമിച്ചു. പിന്നീട് കൊള്ളയും കൊലയും തുടങ്ങി. മൂന്ന്പേരെ നഗ്നരാക്കി കല്ലുകൾ കൊണ്ടും, വടികൾ കൊണ്ടും, കത്തിയും, കുന്തവും ഉപയോഗിച്ചും വധിക്കുകയുണ്ടായി. ഇതിന്റെ ഫോട്ടോകൾ പ്രദർശിപ്പിക്കാൻ കഴിയാത്ത ദൃശ്യങ്ങളുൾക്കൊള്ളുന്നതാണ്.

ഏഷ്യൻ ഹുമാനിറ്റി കമ്മീഷ്യൻ പറയുന്നു. അഹ്മദികൾക്കെതിരിൽ നടന്ന ഈ ക്രൂരകൃത്യത്തെക്കുറിച്ച് ഇന്തോനേഷ്യൻ ഉലമാ കൗൺസിലിൽ പറയുന്നത് നാട്ടുകാർ ഇതിനെ ശരിയായി മനസ്സിലാക്കുന്നു എന്നാണ്. നാട്ടുകാർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഈക്രൂരകൃത്യം ചെയ്തവരാണ്. ഇന്നത്തെ ഉലമാ വർഗത്തിന്റെ അവസ്ഥയാണിത്. ഇന്നേക്ക് ആയിരം വർഷം മുമ്പുള്ള ജാഹിലിയ്യാ കാലത്ത് നടത്തപ്പെട്ട ക്രൂരകൃത്യങ്ങൾ ഇസ്‌ലാമിന്റെ പേരിൽ ചെയ്യാൻ മുസ്‌ലിംങ്ങളെ പ്രേരിപ്പിക്കുകയാണ്.

ഓരു കോളമിസ്റ്റ് എഴുതുന്നു: ഈ ക്രുരകൃത്യം മുസ്‌ലിംങ്ങളും കൃസ്ത്യാനികളും തമ്മിലുള്ള പോരാട്ടം കാരണമായല്ല അരങ്ങേറിയത്; മുസ്‌ലിംങ്ങൾ എന്ന് പറയുന്നവർ മുസ്‌ലിംങ്ങളോട് തന്നെയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. എഴുതുന്നു: ഈ അതിക്രൂരമായ പ്രവർത്തിയുടെ ദൃശ്യങ്ങൾ കാണാൻ വല്ലവരിലും ശക്തിയുണ്ടെങ്കിൽ ഈ ക്രൂരകൃത്യം തികച്ചും അനിതര സാധാരണമാണെന്ന് അവർക്ക് ബോധ്യമാകും. ഇന്നത്തെ വിദ്യസമ്പന്നരായ സംസ്കൃത ജനവിഭാഗത്തിന് അന്യമാണ് ഇതെല്ലാം. ഈസംഭവം മറ്റ് നഗരവാസികളെയും അമ്പരപ്പിച്ചിരിക്കുകയാണ്. നമ്മുടെ പല അഹ്മദീ സുഹൃത്തുക്കളും ഇതിന്റെ വീഡിയോ ദശ്യം കണ്ടിട്ടുണ്ട്. കണ്ടവരെല്ലാം എനിക്കെഴുതിയത് അൽപ നിമിഷമല്ലാതെ അത് കണ്ടിരിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല എന്നാണ്. ഒരു സഹോദരി എഴുതി: ഞാൻ ആദൃശ്യങ്ങൾ കുട്ടികളിൽ നിന്നും മറഞ്ഞിരുന്നാണ് കണ്ടത്. എന്നിട്ട് അത് കണ്ട് ഞാൻ കരയാൻ തുടങ്ങി. കുട്ടികൾ ഉമ്മ കരയുന്നത് എന്താണെന്നറിയാതെ വിഷമിക്കുകയാണ്.

അൽജീരിയായിലെ ഒരു അഹ്മദി എന്റെ അടുത്തുവന്ന് ഇത് പറഞ്ഞു കൊണ്ട് പൊട്ടിപൊട്ടിക്കരയാൻ തുടങ്ങി. ആ ദൃശ്യം വളരെയധികം ഭയാനകമാണ്. അത് സഹിക്കാവുന്നതിലും അപ്പുറത്താണ്. എന്നാൽ ഈ ശത്രുക്കൾ അവരുടെ കുട്ടികളുടെ മനസ്സ്പോലും എത്രമാത്രം ക്രൂരമാക്കിതീർത്തിരിക്കുന്നു എന്നാൽ സംഭവസ്ഥലത്ത് ഈ ദൃശ്യമെല്ലാം കണ്ട് അവർ കയ്യടിച്ച് സന്തോഷിക്കുകയായിരുന്നു.

ന്യൂയോർക്ക് ടൈംസ്, ഫ്രെൻടിയർ ടൈംസ് പോലുള്ള പത്രങ്ങളെല്ലാം ഈ രീതിയിലുള്ള വാർത്തകളാണ് നൽകിയിട്ടുള്ളത്. ജക്കാർത്ത പോസ്റ്റ് എന്ന പത്രത്തിൽ ഒരു ലേഖകൻ ഇപ്രകാരമെഴുതി.''അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്കെതിരെയുള്ള ഇപ്പോഴത്തെ ആക്രമണം എന്ത് കാരണം കൊണ്ടായാലും ശരി, ഇത് വ്യക്തമാകുന്ന ഒരു കാര്യം നമ്മുടെ സമൂഹത്തിൽ ന്യൂനപക്ഷങ്ങൾക്ക് ഒരു തരത്തിലുള്ള ആദരവോ അവരുടെ വികാരങ്ങൾക്ക് സ്ഥാനമോ ഇല്ല എന്നാണ്. അഹ്മദികളും മറ്റ് മത ഗ്രൂപ്പുകളും ഈ നാടിന്റെ നിർമ്മാണത്തിൽ തുല്ല്യപങ്കാളികളാണ്. ഈ ദുഃഖകരമായ സംഭവം ഇന്തോനേഷ്യയുടെ ചരിത്രത്തിൽ മായാതെ നിൽക്കുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അദ്ധ്യപനം അനിസ്‌ലാമികമായതുകൊണ്ട് അവർക്ക് ജീവിക്കാനുള്ള അവകാശമില്ലെന്ന് പറയുന്നവർ സന്മാർഗത്തിൽനിന്നും വ്യതിചലിച്ചവരാണ്. ഇരുപതാം നൂറ്റാണ്ടിലെ പുതിയ ചിന്താധാരയും, പുരോഗമന ചിന്താഗതിയും ഇന്തോനേഷ്യക്ക് അഹ്മദീ സ്കോളർമാരാണ് നൽകിയത്. നമ്മുടെ നേതാക്കൻമാരിൽ പ്രസിഡന്റ് സുക്കാർനോ വിശുദ്ധ ഖുർആൻ പഠിച്ചത് അഹ്മദീ പണ്ഡിതൻ എഴുതിയതിൽ നിന്നാണ്. അതിൽ നിന്നാണ് വിശുദ്ധഖുർആൻ എന്താണെന്ന് അദ്ദേഹത്തിന് മനസ്സിലായത്. അതുമുഖേന അദ്ദേഹത്തിന്റെ അറിവിൽ വർദ്ധനവുണ്ടായി. ഈ ന്യൂനപക്ഷ കക്ഷിയെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് ഈ നാടിനുവേണ്ടി ചെയ്ത സേവനങ്ങൾ അമൂല്യമാണ്.'' അദ്ദേഹമെഴുതിയ ലേഖനത്തിന്റെ ചുരുക്കമാണ് ഞാൻ കേൾപ്പിച്ചത്. ഈലേഖകൻ ജക്കാർത്താ യൂണിവേഴ്സിറ്റിയിലെ ലക്ചററാണ്. ജക്കാർത്ത ഗ്ലോസ്, ജക്കാർത്ത പോറ്റ് മുതലായ പത്രങ്ങൾ ഇതുമായി ബന്ധപ്പെട്ട വാർത്ത നൽകിയിട്ടുണ്ട്. ഈ ക്രൂര പ്രവർത്തനത്തെ അതിശക്തമായ ഭാഷയിൽ പ്രതിഷേധിക്കുകയും ചെയ്തിട്ടുണ്ട്. ചുരുങ്ങിയ പക്ഷം അവിടത്തെ മാധ്യമങ്ങളിലും വിദ്യാസമ്പന്നരിലും അക്രമത്തിനെതിരെ ശബ്ദിക്കുവാനുള്ള പ്രവണതയെങ്കിലും കണ്ട് വരുന്നു. ഇതിന്നെതിരിൽ സംസാരിക്കാൻ ആളുകളുണ്ട്. ഇത് സമൂഹത്തിലെ ഉന്നമനത്തിന്റെ ലക്ഷണമാണ്. ഈ ഒരു ധീരത പാക്കിസ്ഥാനിലെ വിദ്യാസമ്പന്നർക്കും പത്രമാധ്യമങ്ങൾക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ!

അഹ്മദിയ്യാ ജമാഅത്തിനോടുള്ള എതിർപ്പ് ഇന്തോനേഷ്യയിൽ പുതുതല്ല. ദൈവികപ്രസ്ഥാനങ്ങളോട് **താഗൂത്തീ** കക്ഷികൾ മുമ്പേ സ്വീകരിച്ചുപോന്ന രീതി ഇതാണ്. ശൈത്വാന്റെ രീതി ഇതാണ്. അഹ്മദിയ്യാ ജമാഅത്തിന് ഏതെങ്കിലും രീതിയിൽ, പ്രത്യേകിച്ച് ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ, എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. എതിർപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇന്തോനേഷ്യയിൽ മുല്ലാക്കൾ നേർപന്ഥാവിൽ നിന്നും വിട്ടുനിന്നിട്ടെ ഉള്ളൂ. ഇന്തോനേഷ്യയിൽ അവർ ജമാഅത്തിനെ എപ്പോഴും എതിർത്തിട്ടെ ഉള്ളൂ. മുല്ലാക്കൾ അവർ ഏത് നാട്ടിലായാലും ശരി അവരുടെ രീതി ഇതുതന്നെ. സത്യം അവർ സ്വീകരിക്കില്ല. കാരണം അവരുടെ വ്യക്തികത താൽപര്യങ്ങൾ ഇതിൽ മറഞ്ഞിരിക്കുന്നു. സത്യം സ്വീകരിച്ചുകഴിഞ്ഞാൽ അവരുടെ വരുമാനം മുടങ്ങിപ്പോകും എന്നും അവരുടെ വില ഇല്ലാതാകുമെന്നും അവരുടെ അറിവിന്റെ പൊള്ളത്തരം വെളിപ്പെടുമെന്നും അവർ ഭയക്കുന്നു.

ഞാനിന്ന് ഇന്തോനേഷ്യൻ ജമാഅത്തിന്റെ പ്രാരംഭ ചരിത്രത്തെക്കുറിച്ചും അവിടെ അരങ്ങേറിയ മർദ്ധനമുറകളെക്കുറിച്ചും പറയുന്നതാണ്. തുടർന്ന് ശുഹദാക്കളെക്കുറിച്ചും പരാമർശിക്കുന്നതായിരിക്കും.

ഇന്തോനേഷ്യയിൽ ഇസ്‌ലാമിന്റെ പുനർജനനം, അഹ്മദിയ്യത്തിന്റെ പ്രവേശനം അത്ഭുതകരമായ രീതിയിൽ ദൈവിക സഹായത്തോടെയാണ് തുടങ്ങിയത്. അവിടത്തെ നാലുപേർക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാനിൽ നേരിട്ടുപോയി അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. ഒരു മുബല്ലിഗ് പോയിട്ടല്ല ഇന്തോനേഷ്യയിൽ ജമാഅത്ത് സ്ഥാപിച്ചത്. 4 പേർ ഖാദിയാനിൽ വന്നു. അഹ്മദി ആകുക എന്ന ഉദ്ദേശ്യത്തിലായിരുന്നില്ല അവർ വന്നത്. അവർ പല സ്ഥലത്തും ചുറ്റിക്കറങ്ങികൊണ്ട് ഇവിടെ എത്തിയതാണ്. 1923 ൽ സുമാത്രയിലെ നാല് യുവാക്കൾ ബഹുമാനപ്പെട്ട മൗലവി അബൂബക്കർ അയ്യൂബ് സാഹിബ്, മൗലവി അഹ്മദ് നൂറുദ്ദീൻ സാഹിബ്, മൗലവി വൈഹി ധഹ്‌ലാൻ സാഹിബ്, ഹാജി മഹ്മൂദ് സാഹിബ് ദീൻ പഠിക്കാൻ സുമാത്രയിൽ നിന്ന് ഇന്ത്യയിലേക്ക് വന്നു. അല്ലാഹുവിന്റെ തക്ദീറ് അവരെ കൽക്കത്ത, ലഖ്നൗ, ലാഹോർ എന്നീ സ്ഥലങ്ങൾക്ക് ശേഷം ഖാദിയാനിൽ കൊണ്ടുവരികയും ഖാദിയാനിൽ ഖലീഫത്തുൽ മസീഹ് സാനി رضي الله عنه യുടെ അടുത്ത് വരികയും തങ്ങളുടെ മതപഠനത്തിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് അപേക്ഷിക്കുകയുംചെയ്തു. ഹുസൂർ رضي الله عنه അവരുടെ അപേക്ഷ

സ്വീകരിച്ചുകൊണ്ട് അവരുടെ പഠനത്തിനുള്ള സംവിധാനം ഒരുക്കി. പഠനമധ്യേ അവർക്ക് അഹ്മദിയ്യത്തിന്റെ സത്യം വെളിപ്പെടുകയും അവർ അഹ്മദിയ്യത്ത് സ്വീകരിക്കുകയും ചെയ്തു. ഖാദിയാനിൽ ബൈഅത്ത് ചെയ്ത ഇന്തോനേഷ്യൻ യുവാക്കൾ ബൈഅത്തിന് ശേഷം അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ തങ്ങളുടെ നാടിനേയും പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുകയും അവർ ഖാദിയാനിൽ നിന്നുതന്നെ തങ്ങളുടെ ബന്ധുമിത്രാതികൾക്ക് കത്തുകളയക്കുകയും ചെയ്തു. അങ്ങനെ ഇന്തോനേഷ്യയിൽ തബ്ലീഗിനുള്ള വഴി തുറക്കപ്പെട്ടു.

ഖലീഫത്തുൽ മസീഹ് സാനി رضي الله عنه യൂറോപ്പ് സന്ദർശനം കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ ഹുസൂറിന് സ്വീകരണം നൽകിക്കൊണ്ടുള്ള ഒരു പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇന്തോനേഷ്യയിലെ വിദ്യാർത്ഥികളും ഇതിൽ പങ്കെടുത്തിരുന്നു. അവർ പറഞ്ഞു. ഹുസൂർ കിഴക്കു ഭാഗത്തുള്ള ഈ ദ്വീപുകളിലേക്കും ഒന്ന് ദൃഷ്ടി പതിപ്പിച്ചാലും. അപ്പോൾ ഹുസൂർ അവർക്ക് വാക്ക് കൊടുത്തുകൊണ്ട് പറഞ്ഞു. ഞാനോ എന്റെ പ്രതിനിധിയോ നിങ്ങളുടെ നാട്ടിൽ പോകുന്നതാണ്. ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ഹദ്റത്ത് മൗലവി റഹ്മത്തലി സാഹിബിനെ അവിടേക്കയക്കാൻ തീരുമാനിച്ചു. അദ്ദേഹത്തെ അയക്കുകയും ചെയ്തു. അദ്ദേഹം കപ്പൽ മാർഗം യാത്രചെയ്തുകൊണ്ട് 1925 സെപ്തംബറിൽ ആ നാട്ടിലെത്തി. സുമാത്രയിൽ ആയിയ എന്ന ഗ്രാമത്തിലെ താപത്തുങ്കൻ എന്ന സ്ഥലത്തെത്തി. അദ്ദേഹത്തിന് അവിടത്തെ സംസ്ക്കാരം, ചുറ്റുപാട്, ഭാഷ എല്ലാം വ്യത്യസ്തമായിരുന്നു. എല്ലാവരും അന്യരും. അദ്ദേഹത്തെ അറിയുന്നവരായി ആരും ഉണ്ടായിരുന്നില്ല. ഈ പ്രാരംഭ പ്രയാസങ്ങൾ ഒന്നും തന്നെ മൗലവി സാഹിബിന്റെ ധൈര്യത്തെ തളർത്തിയില്ല. ഭാഷ പഠിക്കുന്നതോടൊപ്പം അദ്ദേഹം വ്യക്തിഗത തബ്ലീഗും തുടങ്ങി. ഉലമാക്കളുമായി ചർച്ചയും സംവാദവുമെല്ലാം തുടങ്ങി. മൗലവി സാഹിബിനെ അല്ലാഹു തന്റെ പ്രത്യേക സഹായത്താൽ അനുഗ്രഹിച്ചിരുന്നു. അൽപം മാസങ്ങൾക്കുള്ളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്തോനേഷ്യയിലെ പ്രഥമ ജമാഅത്ത് സ്ഥാപിതമാകുകയും ചെയ്തു. എട്ടുപേർ ബൈഅത്ത് ചെയ്തു. അതിനുശേഷം ബൈഅത്തുകൾ വർദ്ധിച്ചുകൊണ്ടിരുന്നു.

മൗലവി സാഹിബിന് പല പ്രയാസങ്ങളും നേരിടേണ്ടിവന്നു. ഭാഷാപ്രശ്നവും ഉണ്ടായിരുന്നു. അദ്ദേഹത്തിന് എതിർപ്പും നേരിടേണ്ടിവന്നു. അവിടത്തെ ആചാരാനുഷ്ഠാനങ്ങളും സംസ്ക്കാരവും എല്ലാം വിഭിന്നമായിരുന്നു. ഞാൻ പറഞ്ഞതുപോലെ മൗലവി സാഹിബ് അതിനെയെല്ലാം അതിജീവിക്കുകയുണ്ടായി. ഉലമാ വർഗ്ഗം അവിടെ നൽകിയിരുന്ന ഫത്വ, അഹ്മദികളുടെ പുസ്തകങ്ങളും ലേഖനങ്ങളും വായിക്കരുതെന്നും അവരുടെ പ്രസംഗം കേൾക്കരുതെന്നുമാണ്. പ്രാദേശിക അഹ്മദികളുടെ എണ്ണം വർദ്ധിക്കാൻ തുടങ്ങിയപ്പോൾ നാട്ടുകാർ പ്രാദേശിക അഹ്മദികളെ ബഹിഷ്ക്കരിച്ചു. പത്രക്കാർപോലും ഒരു വാർത്തയും പ്രസിദ്ധീകരിക്കാതെയായി. ലേഖനവും പ്രസിദ്ധീകരിക്കാൻ കൂട്ടാക്കിയില്ല. ശത്രുത വർദ്ധിച്ചു. മൂവ്വായിരം വരുന്ന ജനക്കൂട്ടം മൗലവി സാഹിബിന്റെ കോർട്ടേസിനു മുമ്പിൽ തടിച്ചുകൂടി. മുദ്രാവാക്യവും മറ്റും മുഴക്കാൻ തുടങ്ങി. ഹൃദയഭേദകമായ മുദ്രാവാക്യങ്ങളും അസഭ്യവചനങ്ങളും അവർ കേൾപ്പിച്ചുകൊണ്ടിരുന്നു.

അതിനുശേഷം ഹാജി മഹ്മൂദ് സാഹിബ് അവിടെ എത്തി. അദ്ദേഹത്തെ മൗലവിമാർ പിടിച്ച് നിർബന്ധിച്ച് ഞാൻ അഹ്മദിയ്യത്ത് ഉപേക്ഷിക്കുന്നു എന്ന പ്രസ്താവന എഴുതിപ്പിച്ചു. എന്നിട്ട് ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചു. ഇതുകാരണം എതിർപ്പ് ശക്തമായി. ഹാജി മഹ്മൂദ് സാഹിബ് പിന്നീട് ജമാഅത്തിൽതന്നെ അടിയുറച്ച് നിൽക്കുകയും ഉലമാക്കളുടെ അടവുകളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. തങ്ങളുടെ പദ്ധതി അവതാളത്തിലായെന്ന് മനസ്സിലാക്കിയ ഉലമാ വർഗം ഐക്യകണ്ഠേന മൗലവി റഹ്മത്തലി സാഹിബിനെ നാടുകടത്തുന്നതിനുള്ള തീവ്രയത്നം തുടങ്ങി. ഗവൺമെന്റ് പ്രതിനിധികളുടെ അടുത്ത് വരെ എത്തി. എന്നാൽ മത കാര്യങ്ങളിൽ കൈകടത്താൻ ഞങ്ങളില്ലെന്ന് പറഞ്ഞ് ഗവൺമെന്റ് അവരെ കയ്യൊഴിഞ്ഞു. ചുരുക്കത്തിൽ ഈ പ്രവർത്തനങ്ങൾ ഇങ്ങനെ തുടർന്നുകൊണ്ടിരുന്നു.

1927 ഡിസംബറിൽ പഠാനിൽ അനഹ്മദീ പണ്ഢിതന്മാരുമായി ഒരു സംവാദം അരങ്ങേറി. അതിൽ പണ്ഢിത കേസരികളും ശൈഖൻമാരും പത്രത്തിന്റെ എഡിറ്റർമാരും ഗവൺമെന്റ് ഉദ്യോഗസ്ഥരും എല്ലാം സന്നിഹിതരായിരുന്നു. ഈ സംവാദത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗിന് മേൽകോഴ്മ കൈവന്നു. ഇതുതന്നെയായിരുന്നു വിധി. എതിരാളികളായ പണ്ഢിത വർഗത്തിന് പരാജയം ദർശിക്കേണ്ടിവരികയും ചെയ്തു. ഇതുകാരണം അഹ്മദിയ്യത്തിന്റെ തബ്ലീഗിനുള്ള മാർഗം തുറക്കപ്പെട്ടു. ഇതിനിടയിൽ ഇന്തോനേഷ്യയിലെ മൂന്നാമത്തെ ജമാഅത്ത് റോഡ്ഡോക്കോ എന്ന സ്ഥലത്ത് സ്ഥാപിതമായി. 1927 ൽ ഒക്ടോബറിൽ ഹദ്റത്ത് മൗലവി റഹ്മത്തലി സാഹിബ് ഖാദിയാനിലേക്ക് തിരിച്ചുവന്നു. 1930ൽ ഖലീഫത്തുൽ മസീഹ് സാനി رضي الله عنه അദ്ദേഹത്തോട് സുമാത്രയിലേക്ക് പോകാൻ പറഞ്ഞു. മൗലവി സാഹിബ് തന്റെ സഹായിയായി ഒരു മുബല്ലിഗിനെക്കൂടി അയക്കാൻ അപേക്ഷിച്ചു. ഈ അപേക്ഷ ഹുസൂർ സ്വീകരിക്കുകയും മൗലവി മുഹമ്മദ് സ്വാദിഖ് സാഹിബിനോട് അദ്ദേഹത്തോടൊപ്പം ഇന്തോനേഷ്യയിലേക്ക് പോകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇവർ രണ്ടുപേരും ഇന്തോനേഷ്യയിലേക്ക് പോയി.

ഇന്തോനേഷ്യയിൽ അഹ്മദിയ്യത്ത് വളരുന്നതനുസരിച്ച് എതിർപ്പും ശക്തമായിക്കൊണ്ടിരുന്നു. ആദ്യകാലത്ത് മൂന്ന് ജമാഅത്തുകൾക്ക് പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതായി വന്നു. താപത്കോൺ ജമാഅത്തിന് അവിടുത്തെ രാജാവ് മുഖേനയാണ് പരീക്ഷണം നേരിടേണ്ടിവന്നത്. അഹ്മദികളെ നിയമാനുസൃതം നമസ്ക്കാരത്തിൽ നിന്നും തടഞ്ഞു. അവിടത്തെ രാജാവ് ജുമുആയിൽ പങ്കെടുക്കുന്നത് നിരോധിച്ചു. പൊതു തബ്ലീഗ് നിർത്തലാക്കി. ഈ എല്ലാ കഠിന നടപടികളും അവർക്കെതിരിൽ നടപ്പാക്കി.

റൂപ്തസൂഖും ജമാഅത്തിനെ അവിടത്തെ രാജാവ് അക്രമിച്ചു. മസീഹ് മൗഊദ് عليه السلام, نَعُوْذُ بِاللهِ **ദജ്ജാൽ** എന്നും **കദ്ദാബ്** എന്നും പറയാൻ എല്ലാവരേയും നിർബന്ധിപ്പിച്ചു. അല്ലെങ്കിൽ ഈ സ്ഥലത്ത് നിന്ന് അവരെ പുറത്താക്കുന്നതാണ് എന്ന കൽപനയിറക്കി. ഒരു അഹ്മദിയായ ബഹുമാനപ്പെട്ട ഗുരു അഹ്മദ് സാഹിബിനെ സ്ഥാനഭ്രഷ്ടനാക്കി. ജനാബ് അബ്ദുൽ ജലീലിനേയും അദ്ദേഹത്തിന്റെ ഇളയ സഹോദരനേയും അഹ്മദിയാണെന്ന കാരണത്താൽ ഗ്രാമത്തിൽ നിന്ന് പുറത്താക്കി. മൗലവി അബൂബക്കർ അയ്യൂബ് സാഹിബ് ഖാദിയാനിൽ നിന്നും വിരമിച്ച് അപ്പോൾ അവിടെ എത്തിയിരുന്നു.സാറാൻ എന്ന പ്രദേശത്ത് അദ്ദേഹം തബ്ലീഗ് ചെയ്യുകയായിരുന്നു. അദ്ദേഹത്തോട് തബ്ലീഗ് ചെയ്യരുതെന്ന് കൽപിച്ചു. രാത്രി 12 മണിക്ക് ശേഷം ഒരു ദിവസം പട്ടണത്തിലെ ഒരു ഉന്നത പോലീസുദ്യോഗസ്ഥൻ പോലീസുകാരോടൊപ്പം അദ്ദേഹത്തെ അറസ്റ്റുചെയ്യാനായി വന്നു. അദ്ദേഹം വന്ന് അവിടെയുള്ള അംഗങ്ങളുടെ പേരുകൾ എഴുതി എടുത്തു. എന്നിട്ട് പറഞ്ഞു.നിങ്ങളും നിങ്ങളുടെ കൂടെയുള്ളവരും നാളെ കാലത്ത് ചീഫ് ഡിസ്ട്രിക് സാഹിബിന്റെ മുമ്പിൽ ഹാജറാകുക. കാലത്ത് മൗലവി സാഹിബും അദ്ദേഹത്തിന്റെ കൂട്ടുകാരും ഓഫീസിൽ എത്തിയപ്പോൾ അദ്ദേഹത്തോട് ചോദ്യങ്ങളുടെ ശരവർഷം

തന്നെയായിരുന്നു. ചീഫ് സാഹിബ് ചോദ്യങ്ങൾ ചോദിച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൗലവി സാഹിബ് യഥാർത്ഥ ഉൾകാഴ്ചയോടും യുക്തി ഭദ്രമായ രീതിയിലും എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിക്കൊണ്ടിരുന്നു. ചീഫ് ഡിസ്ട്രിക്റ്റ് ഓഫീസറെ ഇത് വല്ലാതെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ അധികാര സ്വഭാവം ഇല്ലാതാക്കി. അദ്ദേഹം വളരെ താൽപര്യത്തോടും സന്തോഷത്തോടും അരമണിക്കൂർ അഹ്മദിയ്യത്തിനെക്കുറിച്ച് കേട്ടുകൊണ്ടിരുന്നു. പിന്നീട് ആദരവോടുകൂടി ഇവരെ എല്ലാവരേയും വിട്ടയക്കുകയും ചെയ്തു.

ഇന്തോനേഷ്യൻ ലേഖകൻ ഇന്തോനേഷ്യയുടെ നിർമാണത്തിൽ അഹ്മദികളുടെ പങ്കിനെക്കുറിച്ച് എഴുതിയതായി ഞാൻ പറഞ്ഞിരുന്നു. അതിനെക്കുറിച്ചും അൽപം വിവരിക്കാൻ ആഗ്രഹിക്കുന്നു. ജമാഅത്ത് അവിടെ സ്ഥാപിതമായത് എങ്ങിനെയാണെന്നും ആരംഭഘട്ടത്തിൽ ഏതേതെല്ലാം പ്രയാസങ്ങളാണ് അഭിമുഖീകരിക്കേണ്ടിവന്നതെന്നും ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. എപ്പോഴും അവിടെ എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഇന്ന് ജമാഅത്ത് ആ നാടിനുവേണ്ടി ചെയ്ത സേവനങ്ങൾ എന്തെല്ലാമാണെന്ന് ഞാൻ കേൾപ്പിക്കാം. ഇന്തോനേഷ്യയുടെ സ്വാതന്ത്രത്തിനായി അഖണ്ഢഭാരതത്തിൽ നിന്ന് മുസ്‌ലിഹ് മൗഊദ് عليه السلام ആണ് ശബ്ദമുയർത്തിയത്. മറ്റു മുസ്‌ലിംകളോട് ഇന്തോനേഷ്യയിലെ മുസ്‌ലിംകളുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ ഐക്യധാർഢ്യം പ്രഖ്യാപിക്കാൻ 1946 ഓഗസ്റ്റ് 16ാം തിയ്യതിയിലെ ഖുത്വുബയിലൂടെ പറഞ്ഞു. ഹുസൂറിന്റെ ഈ പ്രഖ്യാപനത്തോടെ ഖാദിയാനിലെ കേന്ദ്ര പ്രസ്സ് കൂടാതെ ലോകത്തുള്ള അഹ്മദിയ്യാ മിഷനോടും ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യത്തിനായി ഉചിതമായ നിലപാടെടുക്കാൻ കൽപിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ഇന്തോനേഷ്യക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു. ഇതിന്റെ വിശദീകരണം ചുവടെ ചേർക്കുന്നു.

ജപ്പാൻ ഭരണത്തിന്റെ അവസാനത്തിൽ ഡോക്ടർ സുക്കാർണോ 1945 ഓഗസ്റ്റ് 17 ന് ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തി. ഡച്ച് ഗവൺമെന്റിനെതിരിൽ രാജ്യത്തെല്ലായിടത്തും സ്വാതന്ത്ര്യ സമരപോരാട്ടം തുടങ്ങി. ഈ അവസരത്തിൽ അഹ്മദിയ്യാ മുബല്ലിഗ്മാരും മറ്റ് അഹ്മദികളും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി رضي الله عنه ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യത്തിനുള്ള പോരാട്ടത്തിൽ സജീവമായി പങ്കെടുത്തു. അഹ്മദിയ്യാ മുബല്ലിഗ്മാരും ജമാഅത്തിന്റെ നേതാക്കളും റിപ്പബ്ലിക്കൻ ഗവൺമെന്റുമായി ഒത്തൊരുമിച്ച് പ്രവർത്തിച്ചു. സയ്യിദ് ശാ മുഹമ്മദ് സാഹിബ് ജക്കാർത്തയിൽ എത്തി ഡോക്ടർ സുക്കാർണോയുമായി കൂടിക്കാഴ്ച നടത്തി. താൻ സ്വാതന്ത്ര്യത്തിനുള്ള ഈ പോരാട്ടത്തിൽ പങ്കെടുത്ത്കൊണ്ട് ഈ നാടിനുവേണ്ടി സേവനം ചെയ്യാൻ ആഗ്രഹിക്കുന്നു എന്നദ്ദേഹം അറിയിച്ചു. അദ്ദേഹം മുബല്ലിഗായിരുന്നു. സുക്കാർനോ മറ്റ് പ്രവർത്തനങ്ങൾ കൂടാതെ അദ്ദേഹത്തെ റേഡിയോയിലൂടെ ഉർദുവാർത്തകൾ പ്രക്ഷേപണം ചെയ്യുന്ന ജോലിയും ഏൽപിച്ചു. അദ്ദേഹത്തെ കൂടാതെ മൗലവി അബുൽ വാഹിദ് സാഹിബ്, മലിക്ക് അസീസ് അഹ്മദ് ഖാൻ സാഹിബ് രണ്ട്മൂന്ന് മാസം തുടർച്ചയായി റേഡിയോയിൽ പ്രക്ഷേപണപ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരുന്നു. ശാ മുഹമ്മദ് സാഹിബ് വളരെ ആവേശത്തോടെ ഈ പോരാട്ടത്തിൽ പങ്കാളിയായി. ഇന്തോനേഷ്യയുടെ മുൻ വിദേശകാര്യമന്ത്രി ഇദ്ദേഹത്തിന്റെ ആവേശത്തെക്കുറിച്ച് പറഞ്ഞത് ഞാൻ സയ്യിദ് ശാ മുഹമ്മദ് സാഹിബിനെ ഞങ്ങളുടെ ഒരാളായാണ് അംഗീകരിക്കുന്നത് എന്നാണ്. അതായത് ഇദ്ദേഹം ഇന്ത്യക്കാരനല്ല. ഇന്തോനേഷ്യക്കാരനായി അംഗീകരിക്കുന്നു.

സയ്യിദ് ശാ മുഹമ്മദ് സാഹിബിന്റെ ഇന്തോനേഷ്യയുടെ സ്വാതന്ത്ര്യത്തിനുള്ള പോരാട്ട പ്രവർത്തനങ്ങളുടെ വിശദീകരണം ഇപ്രകാരമാണ്. അദ്ദേഹം ചെയ്ത സേവനത്തെ അനുമോദിച്ചുകൊണ്ട് 1947 ഓഗസ്റ്റ് മൂന്നാം തീയ്യതി ഒരു ബഹുമതി പത്രം അദ്ദേഹത്തിന് സമർപ്പിക്കുകയുണ്ടായി. ഈ ബഹുമതിപത്രം ഇൻഫോമേഷൻ മിനിസ്റ്ററിയിൽ നിന്നാണ് നൽകിയിട്ടുള്ളത്. അതിൽ എഴുതിയത് ഇപ്രകാരമാണ്. ഞങ്ങൾ ജക്കാർത്തയിലെ അഹ്മദിയ്യാ മുസ്‌ലിം മിഷന്റെ നേതാവായ സയ്യിദ് ശാ മുഹമ്മദ് സാഹിബിന്റെ ഇന്തോനേഷ്യൻ സമൂഹത്തിനും ഇന്തോനേഷ്യൻ റിപ്പബ്ലിക്കൻ ഗവൺമെന്റിന്റെ സ്വാതന്ത്ര്യ പോരാട്ടത്തിൽ ആ കാലത്ത് ചെയ്ത സേവനങ്ങളേയും ആദരപൂർവ്വം സ്മരിക്കുകയാണ്. ഇൻഫോമേഷൻ മിനിസ്റ്ററിയുടെ നേതൃത്വത്തിൽ പബ്ലിസിറ്റിയുടെ പ്രവർത്തകൻ എന്ന നിലക്ക് അദ്ദേഹം തന്റെ ബുദ്ധിപരമായ കഴിവും മറ്റു കഴിവുകളും മുഖേന പൂർണ്ണ ആത്മവിശ്വാസത്തോടെ അന്താരാഷ്ട്രതലത്തിൽ പൊതു അഭിപ്രായത്തെ ഇന്തോനേഷ്യൻ റിബ്ലിക് സർക്കാറിന്റെ സ്വാതന്ത്ര്യപ്രവർത്തനങ്ങൾ സത്യസന്ധമാണെന്നും യഥാർത്ഥത്തിൽ അധിഷ്ഠിതമാണെന്നും അംഗീകരിക്കുന്നതിലേക്ക് അവരുടെ ശ്രദ്ധ കൊണ്ടുവരികയുണ്ടായി. ഡച്ച് ഭരണകൂടം ഇന്തോനേഷ്യയിലെ ജക്കാർത്തയിലുള്ള ഗവൺമെന്റിനെ ആക്രമിച്ച് അതിനെ കീഴ്പ്പെടുത്തിയപ്പോഴും അദ്ദേഹം നമ്മുടെ പ്രയത്നത്തിൽ കഴിയുന്നത്ര സഹായങ്ങൾ ചെയ്തുകൊണ്ടിരുന്നു. യു.എൻ.ഒ. യുടെ തീരുമാനപ്രകാരം ജക്കാർത്തയിൽ നിന്നും ഡച്ച് ഭരണകൂടം നീക്കപ്പെടുകയും പുതിയ ഭരണകൂടം ജക്കാർത്തയിൽ നിലവിൽ വരികയും ചെയ്തപ്പോൾ റിപ്പബ്ലിക്ക് ഇന്തോനേഷ്യ സർക്കാറിന്റെ നവ നിർമ്മിതിക്കായി രൂപീകരിച്ച് കമ്മിറ്റിയിൽ ഇദ്ദേഹവും അംഗമായിരുന്നു. പ്രസിഡന്റ് സുക്കാർണോ ഡച്ച് ഭരണകൂടം അദ്ദേഹത്തെ വീട്ടുതടങ്കലിൽ ആക്കിയതിനുശേഷം ജക്കാർത്തയിൽ വന്നപ്പോൾ സദർ സുക്കാർണോയെ സ്വീകരിക്കാൻ നിയമിച്ച കമ്മിറ്റിയിലും ഇദ്ദേഹം മെമ്പറായിരുന്നു. ഈ ബഹുമതിപത്രത്തിൽ തുടർന്നെഴുതുന്നു. ഡച്ച് ഗവൺമെന്റിൽ നിന്നും അധികാരം കൈമാറിയതിനുശേഷം സദർ സുക്കാർണോ ജക്കാർത്തയിൽ വന്നപ്പോൾ സദർ സുക്കാർണോയുടെ കൂടെയുണ്ടായിരുന്ന സംഘത്തിലും ഇദ്ദേഹം ഉണ്ടായിരുന്നു. ഇദ്ദേഹം മാത്രമായിരുന്നു അതിൽ ഉണ്ടായിരുന്ന വിദേശി. സർക്കാറിന്റെ ഓഫീസുകൾ ജക്കാർത്തയിലേക്ക് മാറ്റപ്പെട്ടപ്പോൾ അദ്ദേഹം ജക്കാർത്ത റേഡിയോയിൽ സംപ്രേഷണ വകുപ്പുമായി ബന്ധപ്പെട്ടു കൊണ്ട് ഉർദു പരിപാടികൾ അവതരിപ്പിക്കുന്ന കാര്യത്തിൽ വളരെ ശ്ലാഘനീയമായ സേവനങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിനുശേഷം ഇൻചാർജ് അഹ്മദിയ്യാ മിഷൻ ഇന്തോനേഷ്യ എന്ന നിലക്ക് സേവനം അനുഷ്ഠിക്കുകയും ചെയ്തു.

ഇന്തോനേഷ്യയുടെ ആദ്യ പ്രസിഡന്റ് വിശുദ്ധ ഖുർആൻ പഠിച്ചത് അഹ്മദികളിൽ നിന്നാണെന്ന് പരാമർശിക്കപ്പെട്ടുകഴിഞ്ഞതാണ്. അദ്ദേഹം തന്റെ ഗ്രന്ഥമായ ഡീ ബാബ ബന്ദ്ര റവൽസ് റവലൂസിയിൽ എഴുതുന്നു. അഹ്മദിയ്യത്തിന്റെ ചില ആദർശത്തോട് എനിക്ക് യോചിക്കാൻ കഴിയുന്നില്ല. മാത്രമല്ല അതിനെ ഞാൻ നിഷേധിക്കുന്നു. എന്നിരുന്നാലും ഇതിന്റെ അധ്യാപനങ്ങളുടേയും അതിന്റെ ഫലത്തെക്കുറിച്ചും അംഗീകരിക്കുന്നു. എനിക്ക് അതിന്റെ രചനകളിലൂടെ ലഭിച്ചിട്ടുള്ള അറിവ് അത് ബുദ്ധിപരവും ആനുകാലികവും ബുദ്ധിക്ക് വികാസം നൽകുന്നതുമാണ്.

അഹ്മദിയ്യത്ത് വെറും വാക്കുകളിലൂടെയോ രചനകളിലൂടെയോ മാത്രമല്ല സേവനം ചെയ്തത്. 1947 ൽ സ്വാതന്ത്ര്യ സമര പോരാട്ടത്തിനിടെ ചില അഹ്മദി സഹോദരന്മാർ തങ്ങളുടെ ജീവൻ നൽകി ശഹാദത്ത് വരിച്ചിട്ടുണ്ട്. അതിൽ ഒന്ന് നമ്മുടെ റാഡീൻ മൊഹ്യുദ്ദീൻ സാഹിബ് സദർ ജമാ

അത്ത് ഇന്തോനേഷ്യയുമാണ്. അദ്ദേഹം ഇന്തോനേഷ്യൻ സ്വാതന്ത്ര്യ കമ്മിറ്റിയുടെ സെക്രട്ടറി ആയിരുന്നു. സ്വാതന്ത്ര്യം കരസ്ഥമാക്കാനുള്ള പ്രവർത്തനത്തിൽ അദ്ദേഹം വ്യാപൃതനായപ്പോൾ ഡച്ച് ഭരണകൂടം അദ്ദേഹത്തെ തട്ടിക്കൊണ്ടുപോകുകയും പിന്നീട് അദ്ദേഹത്തെ ശഹീദാക്കുകയും ചെയ്തു. ഈ നാട്ടിന്റെ സ്വാതന്ത്ര്യത്തിൽ അഹ്മദികളുടെ രക്തവും ഉൾപ്പെട്ടിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്ത് ഇന്തോനേഷ്യക്ക് വേണ്ടി ചെയ്ത സേവനങ്ങളാണിവ. എന്നാൽ ഉലമാവർഗവും തീവ്രവാദി സംഘടനകളും തങ്ങളുടെ അക്രമപ്രവർത്തനങ്ങൾ നിരന്തരം അഴിച്ചുവിട്ടുകൊണ്ടിരുന്നു.

അഹ്മദിയ്യത്തിന്റെ ആദ്യകാല ശുഹദാക്കളെ ഞാനിവിടെ സ്മരിക്കുകയാണ്. 1947 ൽ ആറ് അഹ്മദികൾ ശഹീദാക്കപ്പെടുകയുണ്ടായി. ഈദാദ് സാഹിബ്, സൂറ സാഹിബ്, സഹ്‌രീ സാഹിബ്, ഹാജി ഹസ്സൻ സാഹിബ്, റാഡീൻ സ്വാലിഹ് സാഹിബ്, ദഹ്‌ലാൻ സാഹിബ്. ഈ ആറു പേരും സിങ്കപ്പാർണ വെസ്റ്റിലെ ജാവാ എന്ന ഗ്രാമത്തിലാണ് ശഹാദത്ത് വരിച്ചത്. വഹാബി മൂവ്മെന്റിലെ ദാറുൽ ഇസ്‌ലാം എന്ന് പേരുള്ള ഒരു ഗ്രൂപ്പ് കുറുവടികൾ കൊണ്ടും കല്ലുകൾ കൊണ്ടും അഹ്മദികളെ ക്രൂരമായി മർദ്ദിക്കുകയും അവരെ വീട്ടുകാരുടെ മുമ്പിൽ വെച്ച് അതിക്രൂരമായി മർദ്ദിച്ചുകൊണ്ട് വീട്ടിൽനിന്നും വലിച്ച് പുറത്തേക്ക് കൊണ്ടുവരികയും അങ്ങനെ ഗ്രാമത്തിന് പുറത്തേക്ക് കൊണ്ടുപോയി അടിച്ച് ശഹീദാക്കുകയുമാണുണ്ടായത്. ദാറുൽ ഇസ്‌ലാം ഗ്രൂപ്പ് മർദ്ദനത്തിന് മുമ്പ് അഹ്മദിയ്യത്ത് ഉപേക്ഷിക്കാൻ ഇവരെ നിർബന്ധിക്കുകയുണ്ടായി. എന്നാൽ ഇവരെല്ലാം അഹ്മദിയ്യത്തിൽ അടിയുറച്ച് നിൽക്കുകയാണുണ്ടായത്. സ്ഥിരചിത്തത അവർ പ്രകടിപ്പിക്കുകയും ചെയ്തു.

അഹ്മദികളോട് ചെയ്യുന്ന ഈ ക്രൂരകൃത്യങ്ങൾ അവിടെ മുമ്പെ നടന്നുവരുന്നതാണ്. 1949 ൽ ശഹീദായവർ ഇവരാണ്. മുൻ സംഭവത്തിന് രണ്ട് വർഷത്തിന് ശേഷം. സാനോസീ സാഹിബ്, ദാമോ സാഹിബ്, ദയ്യാൻ സാഹിബ്, ശേറൂനീ സാഹിബ്, സോമാ സാഹിബ്, ജൂംലി സാഹിബ്, ഡൽമാൻ സാഹിബ്, ഓസ്പോൻ സാഹിബ്, ഈറോട്ട് സാഹിബ, ഒനിയ സാഹിബ. രണ്ട് സ്ത്രീകൾക്കും ശഹാദത്ത് പദവി കരസ്ഥമാക്കാൻ സാധിച്ചു. ഈ അഹ്മദി സഹോദരന്മാർ സിങ്കപ്പാരാ വെസ്റ്റിലെ ജാവ ഗ്രാമത്തിൽ സങ്ക്യാൻ ലബോണിലാണ് ശഹാദത്ത് വരിച്ചത്. വഹാബി പ്രസ്ഥാനത്തിന്റെ ദാറുൽ ഇസ്‌ലാം ഗ്രൂപ്പ് വടികൊണ്ടും കല്ലുകൾകൊണ്ട് മർദ്ദിച്ചുകൊണ്ടാണ് വധിച്ചത്. ഇവരെ വലിച്ചിഴച്ച് ഗ്രാമത്തിൽ നിന്ന് പുറത്തേക്ക് കൊണ്ടുപോകുകയും അതിക്രൂരമായ രീതിയിൽ അടിച്ചടിച്ചുകൊണ്ടാണ് ശഹീദാക്കിയത്. അഹ്മദിയ്യത്തിൽ നിന്നും തൗബ ചെയ്യാൻ ഇവരെയും നിർബന്ധിച്ചിരുന്നു. ഇവരെല്ലാവരും നിഷേധിക്കുകയും സ്ഥിരചിത്തത പ്രകടിപ്പിക്കുകയും ചെയ്തു.

അതിനുശേഷം അഹ്മദിയ്യത്തിന്നെതിരെയുള്ള എതിർപ്പിന്റെ ക്രൂരമായ പുതിയൊരു ഘട്ടം, 2001 ൽ അരങ്ങേറി. അതിൽ പാപൂക്ക് ഹസൻ സാഹിബ് 2001 ജൂൺ 22 ന് ശഹീദാക്കപ്പെട്ടു. 55 വയസ്സായിരുന്നു. നൂറോളം വരുന്ന അഹ്മദിയ്യത്തിന്റെ എതിരാളികൾ വെസ്റ്റ് ലംബോയിലെ ഒരു ഗ്രാമമായ ഡലോവയിൽ വന്ന് ആക്രമിച്ചു. എതിരാളികൾ ജമാഅത്തിന്റെ മസ്ജിദ് തകർക്കാനാണ് ആഗ്രഹിച്ചിരുന്നത്. പാപൂക്ക് ഹസൻ സാഹിബ് മറ്റു അഹ്മദി സുഹൃത്തുക്കളോടൊപ്പം എതിരാളികളുടെ അക്രമത്തെ സധൈര്യം ചങ്കൂറ്റത്തോടെ നേരിട്ടു. അദ്ദേഹത്തിന് മാരകമായ പരിക്കുപറ്റി. ബോധരഹിതനായി വീണു. ഉടനെ അദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും അമിതമായ രക്തസ്രാവം കാരണത്താൽ വഴിയിൽ വെച്ചുതന്നെ വഫാത്താകുകയാണുണ്ടായത്. 55 വയസ്സായിരുന്നു.

2002 മുതൽ ഗവൺമെന്റിന്റെ ആളുകളും ഈ അക്രമികളുടെ കൂടെ കൂടി. വിവിധതരം മർദ്ദനങ്ങളും അഹ്മദികൾക്കെതിരിൽ അയിച്ചുവിട്ടുകൊണ്ടിരുന്നു. മാൻസലോർ എന്ന സ്ഥലത്ത് എതിരാളികൾ അഹ്മദീ മസ്ജിദുകൾക്ക് നേരെയും വീടുകൾക്ക് നേരെയും കല്ലേറു നടത്തി. രണ്ട് മസ്ജിദുകളും 42 അഹ്മദീ വീടുകളും എറിഞ്ഞു തകർത്തു. ലോക്കൽ ഗവൺമെന്റ് മൻവലോർ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നിർത്തിവെക്കാനും മസ്ജിദ് ഉപയോഗിക്കാൻ പാടില്ല എന്നും ഓർഡറിട്ടു. 2005 ജൂലൈ 15 ന് ഇന്തോനേഷ്യ ജമാഅത്തിന്റെ കേന്ദ്ര മസ്ജിദിനും ഓഫീസുകൾക്കും നേരെ നൂറ് കണക്കിന് അക്രമികൾ കൂട്ടമായി ആക്രമിക്കുകയുണ്ടായി. ജമാഅത്തിന്റെ കെട്ടിടങ്ങൾക്കും സ്വത്തുക്കൾക്കും വലിയ നഷ്ടം വരുത്തി. പോലീസ് ഈ തമാശയെല്ലാം കണ്ടുകൊണ്ടിരുന്നു. ചില കെട്ടിടങ്ങൾ അഗ്നിക്കിരയാക്കി. നമ്മുടെ കേന്ദ്രവും മസ്ജിദും മിഷൻ ഹൗസും കീഴ്ഘടകങ്ങളുടെ ഓഫീസുകളും മറ്റു സ്ഥാപനങ്ങളും എല്ലാം ഗവൺമെന്റ് സീൽ ചെയ്തു. ഗവൺമെന്റും എതിരാളികളുടെ കൂടെ കൂടിയിരിക്കുകയാണ്.

2005 സെപ്തംബർ 19 ന് അഞ്ഞൂറോളം എതിരാളികൾ സിയാഞ്ചോറ റീജനിലെ അഞ്ച് ജമാഅത്തുകളെ ആക്രമിച്ചു. അഞ്ചു ജമാഅത്തുകളുടെയും മസ്ജിദുകൾക്ക് ഭാരിച്ച നാശനഷ്ടം വരുത്തി. വാതിലുകളും ജനലുകളും ചില്ലുകളുമെല്ലാം തകർത്തു. മിഷൻ ഹൗസിനും നഷ്ടം വരുത്തി. സാധനങ്ങൾ കൊള്ളയടിച്ചു. പല വസ്തുക്കളും അഗ്നിക്കിരയാക്കി. വീടുകൾക്ക് നാശനഷ്ടം വരുത്തി. അടിച്ചു തകർത്തു. ചില വീടുകളെ അഗ്നിക്കിരയാക്കി. സാധനങ്ങൾ കൊള്ളയടിച്ചു. അഹ്മദിയ്യാ മദ്റസകൾക്കും ചില സ്ഥലങ്ങളിൽ നാശനഷ്ടം വരുത്തിവെച്ചു. ഈ ജമാഅത്തുകളിൽ അഹ്മദി സഹോദരന്മാരുടെ കാറും മോട്ടോർ സൈക്കിളും മറ്റും കത്തിച്ചു ചാമ്പലാക്കി.

2005 ഒക്ടോബർ 19 ന് രാത്രി ഒമ്പത് മണിക്ക് നൂറോളം എതിരാളികൾ കീട്ടോപാങ്ക് ജമാഅത്തിനെ ആക്രമിച്ചു. 3 അഹ്മദി വീടുകൾക്ക് കേടുപാടുകൾ പറ്റി. രണ്ട് അഹ്മദി സഹോദരന്മാർക്ക് പരിക്ക്പറ്റി. ഈ ജമാഅത്തിലെ അംഗങ്ങൾ ഇതിനുമുമ്പ് പാൻകോസിലോൺ എന്ന സ്ഥലത്ത് താമസിക്കുകയായിരുന്നു. 2002 ൽ എതിരാളികൾ അവിടെ ആക്രമിച്ച് ഇവരെ വീട്ടിൽ നിന്നും പുറത്താക്കിയിരുന്നു. ഇവരുടെ വീടും മസ്ജിദും അഗ്നിക്കിരയാക്കിയിരുന്നു. ഇവർ അവിടെനിന്ന് ഹിജ്റത്ത് ചെയ്ത് കീട്ടാപാങ്ക് എന്ന സ്ഥലത്ത് വന്നു. ഒക്ടോബർ 2005 ൽ ഇവർ അക്രമിക്കപ്പെടുകയാണുണ്ടായത്. പല സ്ഥലത്തുനിന്നും മർദ്ദനങ്ങൾ ഏൽക്കേണ്ടിവന്നിട്ടും അവർ തങ്ങളുടെ വിശ്വാസത്തിൽ സുസ്ഥിരമായി ഉറച്ചുനിന്നു. 2006 ഫെബ്രുവരിയിൽ വെസ്റ്റ് ലബോക്കിലെ ദ്വീപ് കീട്ടോപാങ്കിൽ അക്രമിക്കപ്പെട്ടു. 22 വീടുകൾക്ക് നാശനഷ്ടം വരുത്തി. 6 വീടുകൾ അഗ്നിക്കിരയാക്കി. അഹ്മദീ സഹോദരന്മാരുടെ കടകൾ നശിപ്പിച്ചു. സാധനങ്ങൾ കൊള്ളയടിക്കപ്പെട്ടു. ഇവരുടെ സമ്പത്തും മൃഗങ്ങളും കൊള്ളയടിക്കപ്പെട്ടു. 129 സഹോദരന്മാർ ഭവനരഹിതരായിത്തീർന്നു. അങ്ങിനെ ഈ പ്രദേശം തന്നെ അവർക്ക് വിടേണ്ടതായി വന്നു.

2007 സെപ്തംബറിൽ മസ്ജിദ് മഹ്മൂദ് സിങ്കപ്പാരയിൽ എതിരാളികൾ മൂന്നാമതും ആക്രമിച്ചു. മസ്ജിദിന്റെ ജനലുകൾ എല്ലാം തകർന്നു. അതിന്റെ മേൽക്കൂരയും തകർത്തു. ഓഫീസ് ഫർണിച്ചറുകളും മറ്റു വസ്തുക്കളും നശിപ്പിക്കുകയും ചെയ്തു. 2007 ഡിസംബർ 18 ന് അഞ്ഞൂറോളം വരുന്ന എതിരാളികൾ ജമാഅത്തിനെ ആക്രമിച്ചു. ഡിഫൻസ് ഫ്രെന്റ് മജ്‌ലിസ് മുജാഹിദീൻ ഇന്തോനേഷ്യ സംഘടന പ്രവർത്തകരായിരുന്നു ഇവർ. ജമാഅത്തിന്റെ രണ്ട് മസ്ജിദുകൾക്ക് കേടുപാടുപറ്റി. അത് അടിച്ച്പൊളിച്ചു. മറ്റു സാധനങ്ങൾ നശിപ്പിച്ചതോ

ടൊപ്പം 12 വിശുദ്ധ ഖുർആൻ പ്രതികളും അഗ്നിക്കിരയാക്കുകയുണ്ടായി. ഒമ്പത് മസ്ജിദുകൾ പോലീസ് സീൽ ചെയ്തു. വീടുകൾക്ക് നാശനഷ്ടം വരുത്തി. മൂന്ന് പേർക്ക് പരിക്കുപറ്റി. ഇതുകാരണം അവിടെനിന്ന് പുറത്ത്പോകാൻ ജനങ്ങൾ നിർബന്ധിതരായി. ഇപ്പോഴും വിവിധ സ്ഥലങ്ങളിൽ ഇങ്ങനെയുള്ള അവസ്ഥ തന്നെയാണ് തുടർന്ന് വരുന്നത്.

ഇന്തോനേഷ്യയിൽ നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണിതെല്ലാം. എന്നിട്ടും അല്ലാഹുവിന്റെ ഫള്ലോടുകൂടി അവിടെയുള്ളവർ ഈമാന്റെ സുദൃഢത കാണിച്ചുകൊണ്ട് ഈമാനിൽ അടിയുറച്ചു നിൽക്കുന്നു. ഈ അക്രമത്തെ ക്ഷമയോടും ദുആയോടും കൂടി നേരിട്ടുകൊണ്ടിരിക്കുകയാണ്.

ഇപ്പോൾ നടന്ന ഈ ശഹാദത്തും മുൻ അക്രമങ്ങളുടെ തുടർച്ചയാണ്. ഞാൻ പറഞ്ഞതുപോലെ പ്രാദേശിക പത്രങ്ങൾ ഇത് തുറന്നെഴുതുകയുണ്ടായി. വിദേശ പത്രങ്ങളും ഇതിനെ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. അങ്ങനെ ഇത് നാടൊട്ടുക്കും പ്രചരിച്ചു കഴിഞ്ഞു. ഈ ശുഹദാക്കളെ കൂടി ഞാൻ അനുസ്മരിക്കുന്നു.

ഒന്നാമത്തെ ശഹീദ് തൂബക്കോസ് ചാന്ദ്രാ മുബാറക് സാഹിബാണ്. ജന്മനാ അഹ്മദിയാണിദ്ദേഹം. 34 വയസ്സായിരുന്നു. ജമാഅത്തിന്റെ കേന്ദ്രത്തിലാണ് താമസിച്ചിരുന്നത്. ഭാര്യ അഞ്ച് മാസം ഗർഭിണിയാണ്. 8 വർഷമായി വിവാഹം നടന്നിട്ട്. ആദ്യത്തെ കുട്ടി ജനിക്കാൻ പോവുകയാണ്. വഖ്ഫെ നൗവിൽ കുട്ടിയെ ഉൾപ്പെടുത്തണമെന്നായിരുന്നു ഇദ്ദേഹത്തിന്റെ ആഗ്രഹം. വഖ്ഫെ നൗവിന്റെ ഫോം പൂരിപ്പിച്ചുവെച്ചിട്ടുണ്ട്. കേന്ദ്രത്തിലേക്ക് അയച്ചിട്ടില്ല. അത് വന്നാൽ കുട്ടി വഖ്ഫെ നൗവിൽ ഉൾപ്പെടുന്നതാണ്. ചാന്ദ്രാ സാഹിബ് ജമാഅത്തിന്റെ സെക്രട്ടറി സറാഅത്ത് ആയിരുന്നു. കേന്ദ്രത്തിലുള്ള ജമാഅത്തിന്റെ സ്ഥലത്തിന്റെ ഉത്തരവാദിത്വം അദ്ദേഹത്തെയാണ് ഏൽപ്പിച്ചിരുന്നത്. ജമാഅത്തീ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. മുഖ്ലിസായിരുന്നു. ചന്ദ: കൃത്യമായി നൽകിയിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബം ഒന്നടങ്കം മുഖ്ലിസുകളായ അഹ്മദികളാണ്. സംഭവത്തിന് ഒരു ദിവസം മുമ്പ് ഇദ്ദേഹത്തിന്റെ ഭാര്യ ഇദ്ദേഹത്തോട് പറഞ്ഞു. സീക്കൂസിക് എന്ന ജമാഅത്തിലേക്ക് (ഇവിടെയാണ് ഈ ശഹാദത്തുകൾ നടന്നത്) പോകണ്ട. കാരണം ഞാൻ അഞ്ച് മാസം ഗർഭിണിയാണ്. എന്നെ നോക്കേണ്ട കടമയും താങ്കൾക്കില്ലെ. എന്റെ കാര്യം നോക്കുമോ അതോ ജമാഅത്ത് കാര്യങ്ങൾ നോക്കുമോ? അദ്ദേഹം പറഞ്ഞു. ഞാൻ ഈ അവസരത്തിൽ ജമാഅത്തിന് മുൻഗണന നൽകുകയാണ്. ഡ്രൈവറായാണ് അവിടെപോയിരുന്നത്. ഡ്യൂട്ടിയിലുള്ള ഖാദിമീങ്ങളെ അവിടെ എത്തിക്കാനായിരുന്നു പോയത്. അദ്ദേഹം അവിടെ ഉള്ളപ്പോഴാണ് പള്ളി ആക്രമിക്കപ്പെട്ടത്. അദ്ദേഹം തന്റെ ജോലിക്കാരോട് നല്ല രീതിയിലാണ് പെരുമാറിയിരുന്നത്. എല്ലാ നമസ്ക്കാരവും പള്ളിയിൽ ജമാഅത്തോടുകൂടി അനുഷ്ഠിച്ചിരുന്നു. ഭാര്യയോടും നമസ്കാരം കൃത്യസമയത്ത് അനുഷ്ഠിക്കാൻ പറയുമായിരുന്നു. ധീരനായ ഖാദിമായിരുന്നു.

തൂബാക്കോസ് ചാന്ദ്രാ മുബാറക്ക് സാഹിബ് മിഷൻ ഹൗസിനകത്തായിരുന്നു. എല്ലാ ഖാദിംകളുടേയും മുമ്പിലായിരുന്നു. ശത്രുക്കൾ കത്തികൊണ്ട് അദ്ദേഹത്തെ തലങ്ങും വിലങ്ങും വെട്ടി. അതിക്രൂരമായി വധിച്ചു. എന്നിട്ട് കെട്ടിത്തൂക്കിയിട്ട് അടിച്ചുകൊണ്ടിരുന്നു. പിന്നീട് ഇദ്ദേഹത്തെ താഴെ ഇറക്കി ഇദ്ദേഹത്തിന്റെ മൃതശരീരത്തെ വടികൊണ്ടും കല്ലുകൊണ്ടും അക്രമിച്ചു. മൃതദേഹത്തെ വികൃതമാക്കി മാറ്റി. ആദ്യമാദ്യം ഇദ്ദേഹത്തിന്റെ മൃതശരീരം തിരിച്ചറിയാൻപോലും പറ്റിയില്ല. പിന്നീട് ചാന്ദ്രസാഹിബിന്റെ ഇളയ സഹോദരൻ വന്ന് മൃതദേഹം തിരിച്ചറിയുകയും ഇത് എന്റെ സഹോദരന്റെ മൃതദേഹമാണെന്ന് പറയുകയും ചെയ്തു.

രണ്ടാമത്തെ ശഹീദ് അഹ്മദ് വർശോനാ സാഹിബാണ്. ഇദ്ദേഹം നോർത്ത് ജക്കാർത്തക്കാരനാണ്. 38 വയസ്സായിരുന്നു. 2002 ലാണ് ബൈഅത്ത് ചെയ്തത്. ഭാര്യയും നാല് മക്കളുമുണ്ട്. 2000 ലാണ് അഹ്മദിയ്യത്തിനെക്കുറിച്ച് അറിയാൻ കഴിഞ്ഞത്. ഖലീഫത്തുൽ മസീഹ് റാബിഅ് ഇന്തോനേഷ്യ സന്ദർശിച്ച അവസരത്തിൽ. ഒരു അഹ്മദീ സുഹൃത്ത് പുസ്തകങ്ങൾ വായിക്കാൻ നൽകി. വളരെ താൽപര്യത്തോടെ അദ്ദേഹം വായിച്ചു. രണ്ട് വർഷം ഇതിനെക്കുറിച്ച് അന്വേഷിച്ചറിഞ്ഞതിനുശേഷമാണ് ബൈഅത്ത് ചെയ്യാൻ തീരുമാനിച്ചത്. ശേഷം അദ്ദേഹത്തിന്റെ ഭാര്യയും ബൈഅത്ത് ചെയ്തു. ഇദ്ദേഹം പെട്ടെന്ന് തന്നെ അഹ്മദിയ്യത്തിന്റെ സത്യത്തിൽ പ്രഭാവിധനായി. അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതിന് മുമ്പ് ഇദ്ദേഹം മാതാപിതാക്കളോട് നല്ല രീതിയിലല്ല പെരുമാറിയിരുന്നത്. അഹ്മദിയ്യത്തിൽ പ്രവേശിച്ചു കഴിഞ്ഞപ്പോൾ അവരുടെ മാതാപിതാക്കൾ വളരെയധികം സന്തോഷിച്ചു. കാരണം അവരുടെ സ്വഭാവം നന്നായിത്തീർന്നിരുന്നു. മതാപിതാക്കളെ ആദരിക്കാനും തുടങ്ങി. അവരോട് മൃദുസമീപനം സ്വീകരിച്ചു. ആത്മീയതയിലും മുന്നേറി. അദ്ദേഹം പറയാറുള്ളത്; ഞാൻ തബ്ലീഗ് ചെയ്യുമ്പോൾ ആകാശത്തുനിന്നുള്ള സഹായം ഞാൻ അനുഭവിക്കുന്നു. അല്ലാഹു എന്റെ ആവശ്യങ്ങൾ സ്വയം നിറവേറ്റിത്തരുന്നു. ഒരു ദിവസം ഇദ്ദേഹത്തിന് പണത്തിന്റെ അത്യാവശ്യം നേരിട്ടു. വീടിന്റെ വാടക നൽകേണ്ടതുണ്ടായിരുന്നു. അതേപോലെ നിത്യജീവിതത്തിനാവശ്യമായ മറ്റു കാര്യങ്ങളും വേണ്ടിയിരുന്നു. അദ്ദേഹം കുറേ ദുആ ചെയ്തു. ഒരാൾ വന്നു അദ്ദേഹത്തെ ജോലിക്കായി കൊണ്ടുപോയി. അതിൽ നിന്നും ലഭിച്ച പണം കൊണ്ട് അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിറവേറുകയുണ്ടായി. അദ്ദേഹത്തിന്റെ വലിയ ആഗ്രഹം ജീവിതത്തിൽ മറ്റുള്ളവർക്ക് പ്രയോചനപ്പെടണം എന്നതായിരുന്നു. ഇദ്ദേഹം ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് എന്നിവരുമായി മുലാഖാത്ത് നടന്നു. ഇദ്ദേഹം മുഖേന പല ബൈഅത്തുകളും നടന്നിട്ടുണ്ട്. തബ്ലീഗിൽ നല്ല തൽപരനായിരുന്നു. ധീരനായിരുന്നു.ശേഷം വന്നെങ്കിലും പലരേയും പിന്നിലാക്കി അദ്ദേഹം മുൻകടന്നു.

ഇദ്ദേഹത്തിന്റെ ശഹാദത്ത് സംഭവം ഇപ്രകാരമാണ്. അക്രമം നടക്കുമ്പോൾ വർശോനാ സാഹിബ് മിഷൻ ഹൗസിനകത്തായിരുന്നു. എതിരാളികൾ കത്തികൊണ്ടും കൊടുവാൾ കൊണ്ടും വടികൊണ്ടും ഇദ്ദേഹത്തെ അതിക്രൂരമായി മർദ്ദിച്ചു. അങ്ങിനെ വധിച്ചതിന് ശേഷം അദ്ദേഹത്തിന്റെ മൃതദേഹം പുറത്തേക്ക് കൊണ്ടുവന്നു. പോലീസിന്റെ മുമ്പിൽ വെച്ച് കൊണ്ട് എതിരാളികൾ ഓരോരുത്തരായി ഈ മൃതശരീരത്തിൽ അടിച്ച് കൊണ്ടിരുന്നു. പോലീസ് ഈ തമാശയെല്ലാം കണ്ടുകൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ മൃതദേഹവും തിരിച്ചറിയാൻ കഴിഞ്ഞില്ല. നമ്മുടെ ഒരു ഖാദിം ആദ്യം കരുതിയിരുന്നത് മറ്റൊരാളാണെന്നാണ്. എന്നാൽ ശരിക്കും നോക്കിയപ്പോഴാണ് ഇദ്ദേഹത്തെ തിരിച്ചറിഞ്ഞത്. ഇത് വർശോന സാഹിബ് തന്നെയാണെന്ന് മനസ്സിലായത്.

റൂനീ പർസാനീ സാഹിബാണ് മൂന്നാമത്തെ ശഹീദ്. ശഹാദത്ത് സമയം ഇദ്ദേഹത്തിന്റെ വയസ്സ് 35 ആയിരുന്നു. 2008 ജനുവരി 11 നാണ് ബൈഅത്ത് ചെയ്തിരുന്നത്. രണ്ട് വർഷമേ ആയിട്ടുള്ളൂ. ഭാര്യയും അഞ്ചും ആറും വയസ്സുള്ള രണ്ട് പെൺകുട്ടികളും ഇദ്ദേഹത്തിനുണ്ട്. ബൈഅത്തിന് മുമ്പ് കൊലയാളിയും കൊള്ളക്കാരനും ചൂതുകളിക്കാരനുമൊക്കെ ആയിരുന്നു. ശഹീദായ വർസോനീ സാഹിബിന്റെ തബ്ലീഗ് മുഖേനയാണ് ബൈഅത്ത് ചെയ്തത്. ഒരു രാത്രി ഇദ്ദേഹം സ്വപ്ന

ത്തിൽ ഒരു ഭക്തനായ ആളെ കണ്ടുമുട്ടുന്നു. അദ്ദേഹം തലപ്പാവ് കെട്ടിയിട്ടുണ്ട്. ഒരിക്കൽ വർസോഹി സാഹിബിനെ കാണാനായി അദ്ദേഹത്തിന്റെ വീട്ടിൽ വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഫോട്ടോ ചുമരിൽ തൂക്കിയിട്ടത് കണ്ടുടനെ അദ്ദേഹം പറഞ്ഞു. ഇദ്ദേഹത്തെയാണ് ഞാൻ സ്വപ്നത്തിൽ കണ്ടത്. അങ്ങനെ അദ്ദേഹം ജമാഅത്തിനോട് കൂടുതൽ അടുത്തു. ജമാഅത്തിന്റെ പുസ്തകങ്ങൾ പാരായണം ചെയ്തു. 2008 ൽ ബൈഅത്തിനുള്ള തൗഫീഖ് ലഭിച്ചു. അഹ്മദിയ്യത്തിൽ പ്രവേശിച്ചതിനുശേഷം ഇദ്ദേഹം ആകെ മാറി. ഇദ്ദേഹത്തിൽ ഇവ്വിധം ആത്മീയ വിപ്ലവം ഉണ്ടായത് കണ്ട് ഇദ്ദേഹത്തിന്റെ ഭാര്യ അത്ഭുത സ്ഥപ്തയായി. ഇദ്ദേഹത്തിന്റെ ഏതൊ ഒരു നന്മ അല്ലാഹുവിന് വളരെ ഇഷ്ടപ്പെടുകയും അങ്ങനെ എല്ലാ തിന്മകളും ഉപേക്ഷിച്ചുകൊണ്ട് അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള മഹാഭാഗ്യം അല്ലാഹു ആദ്യം അദ്ദേഹത്തിന് നൽകി. പിന്നീട് ശഹാദത്ത് പദവിയും നൽകി അനുഗ്രഹിച്ചു. അഞ്ചുനേര നമസ്ക്കാരങ്ങൾക്ക് പുറമേ തഹജ്ജുദും നമസ്ക്കരിക്കാറുണ്ടായിരുന്നു. ജമാഅത്തിന്റെ പുസ്തകങ്ങൾ കൃത്യതയോടെ വായിച്ചിരുന്നു. ചന്ദ:യും കൃത്യമായി നൽകുമായിരുന്നു. ധീരനായിരുന്നു. ഇദ്ദേഹത്തിന് ലഭിച്ച രണ്ട് വർഷത്തിനിടെ കഴിയുന്നത്ര തബ്ലീഗ് ചെയ്തു. ഇദ്ദേഹത്തിന്റെ തബ്ലീഗ് കാരണം പല ബൈഅത്തുകളും നടന്നിട്ടുണ്ട്. ഇദ്ദേഹം പലപ്പോഴും പറയാറുള്ള ഒരു കാര്യം ശഹീദായിക്കൊണ്ട് മരിക്കാനാണ് ആഗ്രഹമെന്നാണ്. അല്ലാഹു അദ്ദേഹത്തിന്റെ ഈ ആഗ്രഹവും പൂർത്തിയാക്കിക്കൊടുത്തു.

റൂനീ പരഹനീ സാഹിബിന്റെ ശഹാദത്തും പർശോനാ സാഹിബിന്റേതുപോലെയാണ് നടന്നത്. അക്രമികൾ ഇദ്ദേഹത്തേയും കത്തുകൊണ്ടും കൊടുവാൾ കൊണ്ടും വടികൊണ്ടും വധിച്ചു. മൃതദേഹം പുറത്തേക്ക് വലിച്ചുകൊണ്ടുവന്നു. അതേ രീതിയിൽ മൃതദേഹത്തോട് അപമര്യാതയായി പെരുമാറി. മൃതദേഹം വികൃതമാക്കി.

ഈ ശഹീദുകൾക്കാണ് അല്ലാഹു സ്വർഗത്തിൽ സുവാർത്ത നൽകിയിരിക്കുന്നത്. അവർ നിത്യജീവൻ കരസ്ഥമാക്കിയവരാണ്. ഇവർ അഹ്മദിയ്യത്തിന്റെ ആകാശത്തിലെ മിന്നിത്തിളങ്ങുന്ന താരകങ്ങളാണ്. *അല്ലാഹു ഇവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവരുടെ സംതപ്ത കുടുംബാംഗങ്ങൾക്ക് ക്ഷമയും സഹനവും നൽകുമാറാകട്ടെ. അല്ലാഹു അവരുടെ സംരക്ഷകനും സഹായിയുമായിത്തീരട്ടെ. ഇന്തോനേഷ്യയിലെ ഓരോ വ്യക്തിയുടെയും ഈമാനിൽ മുമ്പത്തെക്കാളുപരി വർദ്ധനവ് ഉണ്ടാകുമാറാകട്ടെ.*

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തന്റെ ഒരു കശ്ഫ് വിവരിച്ചുകൊണ്ട് സാഹിബ് സാദാ അബ്ദുല്ലത്തീഫ് സാഹിബ് رضي الله عنه നെപോലുള്ള മറ്റു ചിലരും എനിക്ക് ലഭിക്കുമെന്ന് പറഞ്ഞിരുന്നു. ഈ ദൂരദേശങ്ങളിൽ താമസിക്കുന്ന ഇവരും ഇതിൽ ഉൾപ്പെടുന്നു. ഇവരിൽ പലരും അഹ്മദിയ്യത്തിന്റെ ഖലീഫമാരെപോലും നേരിൽ കാണാത്തവരാണ്. ഖിലാഫത്തിനോടുള്ള ഈ ആത്മാർത്ഥ കൂറ് അനുകരണീയമാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കശ്ഫ് ഇതിനുമുമ്പുള്ള ഖുതുബയിലും ഞാൻ കേൾപ്പിച്ചിരുന്നു. അത് വീണ്ടും കേൾപ്പിക്കാം. കശ്ഫ് ഇപ്രകാരമാണ്. ഞാൻ ജാഗ്രതാ ദർശനത്തിൽ കാണുന്നു. നമ്മുടെ തോട്ടത്തിൽ നിന്ന് വൃക്ഷത്തിന്റെ ഉയർന്ന ഒരു ശിഖരം വെട്ടിമാറ്റിയിട്ടുണ്ട്. എന്നിട്ട് ഞാൻ പറഞ്ഞു. ഈ ശിഖരത്തെ ഭൂമിയിൽ വീണ്ടും നടുക. അത് വളർന്ന് പന്തലിക്കട്ടെ. പറയുന്നു. ഞാൻ ഇതിന് നൽകിയിരിക്കുന്ന വ്യാഖ്യാനം ഇതാണ്. അല്ലാഹു ഹദ്റത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് رضي الله عنه ന്റെ പല പ്രതിനിധികളേയും ഇവിടെ ഉണ്ടാക്കുന്നതാണ്.

ഈ ശുഹദാക്കൾ അവരുടെ സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് ഉത്തമ മാതൃക നിലനിർത്തികൊണ്ട് ഈ ലോകത്തോട് വിടപറഞ്ഞുകൊണ്ടു അവരുടെ നാഥന്റെ സവിധത്തിൽ ഹാജറായിരിക്കുന്നു. ഖാദിയാനിൽ നിന്നും ആയിരക്കണക്കിന് മൈലുകൾ അകലെ ആയിട്ടും മസീഹ് മൗഊദ് عليه السلام ന്റെ സത്യതയെ തിളക്കമുള്ളതാക്കി മാറ്റി. എന്നാൽ ശേഷിക്കുന്ന നാമും നമ്മുടെ വിശ്വാസത്തെ എപ്പോഴും പരിശേധനാ വിധേയമാക്കേണ്ടതുണ്ട്. ഓരോ ശഹാദത്തിനു ശേഷവും നാം എടുക്കേണ്ട പ്രതിജ്ഞ ഈ ആക്രമണങ്ങൾ കാരണമായി ഒരിക്കലും നമ്മുടെ വിശ്വാസത്തെ പാഴാക്കിക്കളയുകയില്ല എന്ന് മാത്രമല്ല വിശ്വാസത്തിൽ മുന്നേറാൻ ശ്രമിക്കുന്നതാണ്; إِنْ شَاءَ اللهُ നമ്മുടെ പാരമ്പര്യ രീതിക്കോ നമ്മുടെ അഭിമാനത്തിനോ കോട്ടം തട്ടുന്ന ഒരു പ്രവർത്തിയും നമ്മിൽ നിന്നും ഉണ്ടാകുന്നതല്ല. നമ്മുടെ നാടിനോടുള്ള കൂറിൽ ഒരു കുറവും വരുന്നതല്ല.

ഞാൻ പറഞ്ഞതുപോലെ ഇന്തോനേഷ്യയുടെ നിർമ്മാണത്തിലും ജമാഅത്ത് വലിയ പങ്കാണ് വഹിച്ചത്. അഹ്മദിയ്യാ ജമാഅത്തിലെ ഓരോ വ്യക്തിയും ഏതു നാട്ടിൽ വസിക്കുന്നവരാണെങ്കിലും അതിനോട് കൂറുള്ളവരായിരിക്കും. إِنْ شَاءَ اللهُ എപ്പോഴും കൂറുള്ളവരായിരിക്കും.

നാടിനോടുള്ള കൂറ് നമ്മോട് ആവശ്യപ്പെടുന്നത് നാടിന്വേണ്ടി ദുആ ചെയ്യുക എന്നതാണ്. *നമ്മുടെ നാടുകളെ അക്രമികളിൽ നിന്നും അല്ലാഹു മോചിപ്പിക്കുമാറാകട്ടെ. കരുണ ചെയ്യാൻ അറിയാത്ത ഒരു ഭരണാധികാരിയേയും അല്ലാഹു നമ്മുടെ മേൽ കൊണ്ടുവരാതിരിക്ക ട്ടെ.* ഭൗതിക കാര്യങ്ങൾക്കായി നിയമത്തെ നാം സമീപിക്കാറുണ്ട്. എന്നാൽ ഒരിക്കലും നിയമം കയ്യിലെടുക്കാറില്ല. നമ്മുടെ റബ്ബിന്റെ മുമ്പാകെ നാം കുമ്പിടുന്നു. നിയമനടപടികളിൽ പോകുന്നതിനേക്കാളും കൂടുതൽ ഞങ്ങളുടെ ആശ്രയവും നമ്മുടെ നാഥന്റെ മുമ്പിൽ കുമ്പിടുന്നതിലാണ്. അവനോട് ദുആ ചെയ്തുകൊണ്ട് അവന്റെ സഹായത്തിൽ ഞങ്ങൾ ആശ്രയം കണ്ടെത്തുന്നു. അവന്റെ കാരുണ്യത്തെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഇനിയും ഞങ്ങൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ തന്നെ കുമ്പിടുന്നതാണ്. എപ്പോഴും ഇപ്രകാരം ദുആ ചെയ്യുക.

رَبَّنَآ اَفْرِغْ عَلَيْنَا صَبْرًا وَّ ثَبِّتْ اَقْدَامَنَا
وَانْصُرْنَا عَلَى الْقَوْمِ الْكٰفِرِيْنَ

നമ്മിലുള്ള ആർക്കും തന്നെ കാലിടറിപ്പോകുന്ന ഒരു അവസ്ഥ അല്ലാഹു ഉണ്ടാക്കാതിരിക്കട്ടെ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തിരുനബി صلى الله عليه وسلم യെ സ്മരിച്ചുകൊണ്ട് പറയുന്നു. തിരുനബി صلى الله عليه وسلم സഹാബാക്കൾക്ക് ക്ഷമ കൈകൊള്ളാൻ തന്നെയാണ് ഉപദേശിച്ചത്. അവസാനം എല്ലാ ശത്രുക്കളും നശിച്ചൊടുങ്ങി. ഒരു കാലം വരുന്നു. ഈ അക്രമികളും ഇല്ലാതായിത്തീരുന്നതാണ്. ഈ പവിത്ര ജമാഅത്തിനെ ലോകത്ത് വ്യാപിപ്പിക്കാൻ അല്ലാഹു ഇച്ഛിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഇവർ നമ്മെ വേദനിപ്പിക്കുമായിരുന്നില്ല. വേദനിപ്പിക്കുന്നവർ ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇവർ മുഖേന അല്ലാഹു ക്ഷമയുടെ അധ്യാപനം നൽകാനാണ് ഉദ്ദേശിക്കുന്നത്. നമ്മെ വേദനിപ്പിക്കുന്നവർ ഒന്നങ്കിൽ തൗബ ചെയ്തു മടങ്ങും. അല്ലെങ്കിൽ നശിച്ചൊടുങ്ങും. നമ്മെ വേദനിപ്പിക്കുന്നവരിൽ ചിലർ ശരിയാകും അവർ തൗബ ചെയ്ത് മടങ്ങും. അല്ലെങ്കിൽ നശിച്ചൊടുങ്ങും.

അതുകൊണ്ട് ദുആയോടും ക്ഷമയോടുംകൂടി നമ്മുടെ ലക്ഷ്യം കരസ്ഥമാക്കാനായി ഓരോ അഹ്മദിയും മുന്നോട്ട് കുതിക്കേണ്ടത് നിർബന്ധമാണ്. *അല്ലാഹു നമുക്ക് ക്ഷമിക്കാനുള്ള ശക്തി നൽകുമാറാകട്ടെ. അക്രമികളെ നശിപ്പിക്കുകയും ചെയ്യട്ടെ.*

*അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് കാണുന്നവരായിത്തീരട്ടെ. അല്ലാഹു അവന്റെ സംരക്ഷണത്തിൽ നമ്മെ വെക്കുമാറാകട്ടെ. ശത്രുക്കളെ പിടിക്കുമാറാകട്ടെ.* നമ്മുടെ എതിരാളികൾക്ക് നമ്മോട് വ്യക്തി വൈരാഗ്യമൊന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോടുള്ള ശത്രുത കാരണത്താലാണ് ഇവർ ഇതെല്ലാം ചെയ്യുന്നത്. ഈ പ്രവണത എല്ലാ സ്ഥലത്തും അതിന്റെ പാരമ്യതയിൽ എത്തിക്കൊണ്ടിരിക്കുകയാണ്. *അല്ലാഹു ശത്രുക്കളെ പാഠം പഠിക്കത്തക്ക അടയാളമാക്കി മാറ്റട്ടെ. ആരെക്കുറിച്ചാണൊ ശരിയാകില്ലെന്ന് അല്ലാഹുവിന്നറിയാവുന്നത് അവരെ വേഗം പിടിക്കുവാനുള്ള സംവിധാനം അല്ലാഹു ഒരുക്കുമാറാകട്ടെ.*

പരിക്കേറ്റവർക്കായും ദുആ ചെയ്യുക. *അല്ലാഹു അവർക്ക് വേഗം ശിഫാ നൽകുമാറാകട്ടെ.*

പരിക്കേറ്റ മൂന്ന് പേർ ഇപ്പോഴും ഹോസ്പിറ്റലിലാണ്. രണ്ട് പേരെ ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. അവരുടെ നില തൃപ്തികരമാണ്. ഇന്തോനേഷ്യൻ അഹ്മദികളോട് പ്രത്യേകമായി എനിക്ക് പറയാനുള്ളത് ലോകത്തുള്ള എല്ലാ അഹ്മദികളുടേയും ദുആ നിങ്ങളോടൊപ്പമുണ്ട്. വിവിധ കത്തുകൾ എനിക്ക് വരുന്നുണ്ട്. അതിലെല്ലാം നിങ്ങൾ ഓർത്ത് അവർ അസ്വസ്തരാണ്. വിവിധ വെബ് സൈറ്റുകളിൽ കാണിക്കപ്പെട്ട ക്രൂരതയുടെ ആ ദൃഷ്യങ്ങൾ ഓരോ അഹ്മദിയേയും വേദനയിലും ദുഃഖത്തിലും ആഴ്ത്തിയിരിക്കുകയാണ്. അതുകാരണം അവർ നിങ്ങൾക്കായി പ്രാർത്ഥനാനിരതരാണ്. *അല്ലാഹു ഓരോ അഹ്മദിയേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ശത്രുക്കളുടെ പദ്ധതികൾ അവരിലേക്ക് തന്നെ തിരിച്ചടിക്കുമാറാകട്ടെ.*

ഈ ശഹീദുകളുടെ ജനാസ ഗാഇബ് ഞാൻ നമസ്ക്കരിക്കുന്നതാണ്. അതോടൊപ്പം ഇന്നലെ മർദ്ദാനിലെ പഞ്ചാബ് റിജ്മെന്റിൽ ഉണ്ടായ ആത്മഹത്യ സ്ഫോടനത്തിൽ പരിശീലനത്തിൽ ഏർപ്പെട്ട പല സൈനികരും വധിക്കപ്പെടുകയുണ്ടായി. അതിൽ നമ്മുടെ ഒരു അഹ്മദി യുവാവ് മുനീർ അഹ്മദും ഉൾപ്പെട്ടിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ സൈന്യത്തിൽ ചേർന്നതേ ഉള്ളൂ. അവിടെ ട്രൈനിംഗിലായിരുന്നു. പാസിംഗ് പരേഡായിരുന്നു എന്നാണ് തോനുന്നത്. അദ്ദേഹവും ഇതിൽ ശഹീദായിട്ടുണ്ട്. അദ്ദേഹത്തെയും ഈ ജനാസയിൽ ഉൾപ്പെടുത്തുക. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് ചെയ്യുമാറാകട്ടെ. നമ്മുടെ രണ്ട് വഖ്ഫെ സിന്ധകികളായ മഹ്മൂദ് അഹ്മദ് മുനീർ സാഹിബ്, മുറബ്ബി സിൽസില മുബശ്ശിർ അഹ്മദ് സാഹിബ് എന്നിവരുടെ സഹോദരീ പുത്രനായിരുന്നു. 21 വയസ്സായിരുന്നു.

*അല്ലാഹു ഇദ്ദേഹത്തിന്റെ മാതാപിതാക്കൾക്ക് ക്ഷമ പ്രധാനം ചെയ്യട്ടെ.*


**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V
on 11 - 02- 2011 at London

വിവർത്തനം
**എം. നാസിർ അഹ്മദ് സാഹിബ് കൊടിയത്തൂർ**
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : **Majlis Khuddamul Ahmadiyya, Kerala**